# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 9 - 872/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 9 - 872/2024 തീയ്യതി: 05/11/2024

# ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ

മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ | 03-09-2024 | 11-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-09-2024 | 11-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീദേവി ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കെ . ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ടീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| റ്റി. വി. അജിത്കുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഷെയ്ക്ക് ബിജു സി. എസ്. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## **നിർവ്വഹണഉദ്യോഗസ്ഥർ**

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| അനിൽ എസ് | കൃഷി ഓഫീസർ | 01-04-2023 | 06-06-2023 |
| റെനി ഫ്രാൻസിസ് | കൃഷി ഓഫീസർ | 07-06-2023 | 31-03-2024 |
| ഡോ. ജിം കെ.,കിഴക്കൂടൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. കണ്ണൻ വി. എ. | മെഡിക്കൽ ഓഫീസർ(പി എച്ച് സി, മണ്ണഞ്ചേചേരി) | 01-04-2023 | 04-02-2024 |
| ഡോ. സ്റ്റെഫി ബക്സേവസി ജോസഫ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി, മണ്ണഞ്ചേരി) | 05-02-2024 | 31-03-2024 |
| ഡോ. ദർശന എസ്. | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. ജീന എസ്. എൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി, കലവൂർ) | 01-04-2023 | 05-07-2023 |

| | | | |
|---|---|---|---|
| ഡോ. ബിനോയ് റ്റി. | മെഡിക്കൽ ഓഫീസർ(പി എച്ച് സി, കലവൂർ) | 06-07-2023 | 31-10-2023 |
| ഡോ. അനു സിക്സ്റ്റസ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി, കലവൂർ) | 01-11-2023 | 12-02-2024 |
| ഡോ. സഫീർ എ | മെഡിക്കൽ ഓഫീസർ(പി എച്ച് സി, കലവൂർ) | 13-02-2024 | 31-03-2024 |
| ഡോ. സജി ഉമ്മൻ | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2023 | 31-03-2024 |
| സൂര്യ പി. എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് | 01-04-2023 | 17-12-2023 |
| ആശമോൾ ആന്റണി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് | 18-12-2023 | 31-03-2024 |
| ഹാഷിഫ് എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( കണക്കൂർ) | 01-04-2023 | 31-03-2024 |
| സന്ദീപ് വി. റ്റി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( മണ്ണഞ്ചേരി) | 01-04-2023 | 31-03-2024 |
| ജയശ്രീ കെ. വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( ഹെഡ്കാർട്ടേഴ്സ്) | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| അശ്വതി എസ്. | ഐ സി ഡി എസ് സൂപ്പർവൈവസർ | 01-04-2023 | 31-03-2024 |
| ഉഷാകുമാരി എം. | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, | 01-04-2023 | 31-03-2024 |
| സുനിൽ കുമാർ എം. ബി. | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി | 01-04-2023 | 31-03-2024 |
| സൗമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 08-08-2023 |
| സലീല എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-08-2023 | 31-03-2024 |
| നൗഫൽ എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 06-07-2023 |
| സൗമ്യ റാണി | അസിസ്റ്റന്റ് സെക്രട്ടറി | 07-07-2023 | 09-10-2023 |
| സീമ റോസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-10-2023 | 18-12-2023 |
| സുധീർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസ് രജിസ്റ്ററിലും B-18 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | ടെലികമ്മ്യൂണിക്കേഷൻ ടവറിന് വസ്തുനികുതി ചുമത്തിയില്ല | 1-10 |
| 15 | ലൈസൻസ് എടുത്ത് പ്രവർത്തിച്ചുവരുന്ന ടർഫിന് വസ്തുനികുതി ചുമത്തിയില്ല | 1-11 |

| | | |
|---|---|---|
| 16 | റോഡ് കട്ടിംഗ് ചാർജ്ജ്- സെക്യൂരിറ്റി നിക്ഷേപം, സൂപ്പർ വിഷൻ ചാർജ്ജ് എന്നിവ ഈടാക്കിയതിൽ കുറവ് സംഭവിച്ചു | 1-12 |
| 17 | റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയില്ല നഷ്ടം 3349245/- | 1-13 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാതെ അവശേഷിക്കുന്നു | 1-14 |
| 19 | ലീവ് ട്രാവൽ കൺസെഷൻ അധികം തുക നൽകി | 1-15 |
| 20 | ആട് വളർത്തൽ പ്രോജക്ട് - യൂണിറ്റ് കോസ്റ്റിൽ അധികമായി തുക ചെലവഴിച്ചു | 1-16 |
| 21 | കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം - ഫൈൻ ഈടാക്കിയില്ല | 1-17 |
| 22 | ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് - പദ്ധതി ഉപേക്ഷിച്ചതിനാൽ 41941/- രൂപയുടെ പാഴ്ച്ചെലവ് | 1-18 |
| 23 | സ്റ്റാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള വോയിഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികച്ചെലവിനിടയാക്കി | 1-19 |
| 24 | പ്രവൃത്തിക്ക് ആവശ്യമായതിലും അധികം സ്റ്റോൺ അഗ്രിഗേറ്റിനുള്ള വില നൽകി-അധിക ചെലവ് | 1-20 |
| 25 | ജി.എസ്.ടി -സ്രോതസിൽ കുറവു ചെയ്തില്ല | 1-21 |
| 26 | ടൈൽ റോഡ് നിർമ്മാണം - മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു | 1-22 |
| 27 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-23 |
| 28 | പൊതു ടാപ്പുകൾ കട്ട് ചെയ്യൽ - എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായില്ല | 1-24 |
| 29 | പോസ്റ്റ് ഷിഫ്റ്റിംഗ് - പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-25 |
| 30 | ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-26 |

| | | |
|---|---|---|
| 31 | വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെ | 1-27 |
| 32 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരണം | 1-28 |
| 33 | ലിമിറ്റഡ് ടെണ്ടറിന് പകരം ക്വട്ടേഷൻ | 1-29 |
| 34 | ക്വട്ടേഷൻ അംഗീകരിച്ചതിൽ അപാകതകൾ | 1-30 |
| 35 | എസ് സി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃലിസ്റ്റ് ഇല്ല | 1-31 |
| 36 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ -അവലോകനം | 1-32 |
| **ഭാഗം 2** | | |
| 1 | റോഡ് കട്ടിംഗ് ചാർജ്ജ് - സെക്യൂരിറ്റി നിക്ഷേപം, സൂപ്പർവിഷൻ ചാർജ്ജ് എന്നിവ ഈടാക്കിയതിൽ കുറവ് സംഭവിച്ചു | 2-1 |
| 2 | റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയില്ല നഷ്ടം 3349245/- | 2-2 |
| **ഭാഗം 3** | | |
| 1 | ലീവ് ട്രാവൽ കൺസെഷൻ അധികം തുക നൽകി | 3-1 |
| 2 | കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം - ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് | 3-2 |
| 3 | സ്റ്റാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള വോയിഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികച്ചെലവിനിടയാക്കി | 3-3 |
| 4 | പ്രവൃത്തിക്ക് ആവശ്യമായതിലും അധികം സ്റ്റോൺ അഗ്രിഗേറ്റിന് വില നൽകി | 3-4 |
| 5 | ജി.എസ്.ടി സ്രോതസിൽ നിന്നും കുറവു ചെയ്തില്ല | 3-5 |
| 6 | വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെ | 3-6 |

| | | |
|---|---|---|
| 7 | ആട് വളർത്തൽ പ്രോജക്ട് - യൂണിറ്റ് കോസ്റ്റിൽ അധികമായി തുക ചെലവഴിച്ചു | 3-7 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് 9329112 എന്നാൽ എ.എഫ്.എസ്, സുലേഖ എന്നിവ പ്രകാരമുള്ള ചെലവ് 8466424/- ആണ്. വ്യത്യാസം 862688/- രൂപ. വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല (11/09.09.24).

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 03.06.2024 ലെ 1 (1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ചെലവുകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല

വിവിധ ഡെപ്പോസിറ്റ് ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവ് റസീറ്റ് &പെയ്മെന്റിലെ (RP-33) ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസ് രജിസ്റ്ററിലും B-18 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല

ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിനായി 19.12.23 ൽ ചെക്ക് നം. 004279 പ്രകാരം 423722/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ ചാർജ്ജസ് ഫോർ കെ.ഡബ്ല്യു എ.സ്ട്രീറ്റ് ടാപ്പ് എന്ന ഹെഡ്ഡിലാണ് ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്(230110101). Balance Sheet B-18 ഷെഡ്യൂൾ പ്രകാരം Adance To Implementing Agencies- Deposit With Kerala Water Authority എന്ന ഹെഡ്ഡിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല. കൂടാതെ അഡ്വാൻസ് രജിസ്റ്ററിലും തുക ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 22.03.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 07.02.2024 ലെ 1/1 തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 527656200 | 550204000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക) | 306825665 | 289936996 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26587956 |
| വരവ് | 121301214 |
| ആകെ | 147889170 |
| ചെലവ് | 94761173 |
| നീക്കിയിരിപ്പ് | 53127997 |

## 1-4 ഫണ്ട് വിനിയോഗം (എ സി ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെൻറ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8938567 | 23614443 | 32553000 | 26496687 (CC 755144) | 6056313 (ലാപ്സായി) |
| വികസന ഫണ്ട് | 0 | 226780 | 7709220 | 7936000 | 5808693 (CC | 2127307 (ലാപ്സായി) |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | 210975) | |
| വികസന ഫണ്ട് (ട്രി.എസ്.പി) | 0 | 0 | 86000 | 86000 | 11500 | 74500 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 6765350 | 6765350 | 6765350 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 9490000 | 9490000 | 8466424 (CC 2321369) | 1023576 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് –ബാങ്ക് | 15103620 | 0 | 4043000 | 19146620 | 4846496 | 14300124 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 289225 | 0 | 5390000 Interest -564156 | 6243381 | 2695000 (CC 1022770) | 3548381 |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| -അൺടൈഡ് -ബാങ്ക് | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 238 | 242625826 | 168 | 103026007 | 32 | 38 | 70.59% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1047669 | 1047669 | 1047669 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 89399754 | 89399754 | 89399754 | 0 |
| ആകെ | **0** | **90447423** | **90447423** | **90447423** | **0** |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7380600 | 681 |
| വിധവാ പെൻഷൻ | 16204500 | 1650 |
| വാർദ്ധക്യകാല പെൻഷൻ | 39000600 | 4623 |
| വികലാംഗ പെൻഷൻ | 8483200 | 800 |
| അവിവാഹിത പെൻഷൻ | 1133600 | 111 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.9.2024 തീയതിയിൽ 3.30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33028/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്.

1. മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തുന്നില്ല.

2. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നുണ്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3.എസ് സി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്റ്റിന് അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ നടപ്പിലാക്കി.

4 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നു.

5. ടെണ്ടർ നടത്തിയശേഷം എസ്റ്റിമേറ്റുകൾ പുതുക്കുന്ന പ്രവണത കാണുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ടെലികമ്മ്യൂണിക്കേഷൻ ടവറിന് വസ്തുനികുതി ചുമത്തിയില്ല

എ.എഫ്.എസ് പ്രകാരം Fee For The Erection Of Telecommunication Towers/ Poles / Structures/ Accessory Rooms എന്നതിലേക്ക് 10000/- രൂപ 05.09.2023 ൽ ASCEND TELECOM INFRASTRUCTURE PVT LTD Alappuzha എന്ന സ്ഥാപനം 1232200733 രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 1/തീയതി 05.09.24) മറുപടിയായി ഫയൽ ഹാജരാക്കി. ഫയൽ പ്രകാരം ടവർ നിർമ്മാതാക്കൾ 18.12.2023 ൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ASCEND TELECOM INFRASTRUCTURE PVT LTD ന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. വസ്തുനികുതി ചുമത്തി ഫോറം -6 ന്റെ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസ് എടുത്ത് പ്രവർത്തിച്ചുവരുന്ന ടർഫിന് വസ്തുനികുതി ചുമത്തിയില്ല

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ്, ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ ജോസഫ് എ തയ്യിൽ, സെന്റ് ജോൺസ് എക്സ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന് ഫയൽ നം. 400409/RPTL20/GENERAL/2023/1410 പ്രകാരം കെട്ടിട നം 11/177A യ്ക്ക് ())ഫുഡ്ബോൾ ടർഫ് ഓഫീസ് നടത്തുന്നതിന് 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം 11/177A കെട്ടിടത്തിന്റെ ഉപയോഗക്രമം- ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) സ്വകാര്യാവശ്യത്തിനുള്ള ഓഫീസ് കെട്ടിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ഒരു ടർഫിന് വസ്തുനികുതി അസസ്സ് ചെയ്തിട്ടില്ല. നാളിതു വരെ വസ്തു നികുതി അസെസ്സ് ചെയ്യാത്തതിനു വിശദീകരണവും, അനധികൃതകെട്ടിടം ആണെങ്കിൽ ടി കെട്ടിടത്തിനെ യു.എ. രജിസ്റ്ററിൽ ചേർത്തു യു.എ കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട വസ്തു നികുതി ഈടാക്കുന്നുണ്ടോ എന്നുള്ള വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി

(നം.1/05.09.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി അസെസ് ചെയ്ത വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളെല്ലാം നികുതി ഒടുക്കുന്നുണ്ട് എന്നുറപ്പാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 റോഡ് കട്ടിംഗ് ചാർജ്ജ്- സെക്യൂരിറ്റി നിക്ഷേപം, സൂപ്പർ വിഷൻ ചാർജ്ജ് എന്നിവ ഈടാക്കിയതിൽ കുറവ് സംഭവിച്ചു

പൂഞ്ഞിക്കാട് ദേശാഭിമാനി റോഡിൽ 900 മീറ്റർ നീളത്തിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് AG&P City Gas Pvt Ltd ന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് ജി.ഒ (ആർ.ടി)1844/2020/LSGD/തീയതി 07-10-2020 പ്രകാരം റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കേണ്ടത് റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കി ആയതിന്റെ 10% സെക്യൂരിറ്റി നിക്ഷേപമായും 2.5% സൂപ്പർവിഷൻ ചാർജ്ജായുമാണ്. മേൽ ഉത്തരവ് പ്രകാരം കണക്കാക്കിയ റോഡ് കട്ടിംഗ് ചാർജ്ജിന്റെയും സെക്യൂരിറ്റി നിക്ഷേപത്തിലും സൂപ്പർവിഷൻ ചാർജ്ജിലും കുറവ് വന്നതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| റോഡ് കട്ടിംഗ് ചാർജ്ജ് | 900 X3.50 = 3150 $M^2$<br>3150 @ 3179.04/$M^2$ = 10013976/- |
| ഈടാക്കേണ്ട സെക്യൂരിറ്റി നിക്ഷേപം -10% | 1001397 |
| ഹാജരാക്കിയ ബാങ്ക് ഗ്യാരന്റി പ്രകാരം വരുന്ന തുക<br>(072112BG 0000108) | 429170 |

| | |
|---|---|
| കുറവു വന്ന ബാങ്ക് ഗ്യാരന്റി | 572227 |
| ഈടാക്കേണ്ട സൂപ്പർവിഷൻ ചാർജ്ജ് -2.5% | 250349 |
| ഈടാക്കിയത് (രസീത് നം. 1232201446/12-10-23) | 107293 |
| കുറവു വന്ന സൂപ്പർവിഷൻ ചാർജ്ജ് | 143056 |

കുറവു വന്ന തുക ഒടുക്കുവാൻ സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും (12-09-24) തുക ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം -25/11-09-24) മറുപടി നൽകിയിട്ടില്ല. കുറവു വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയില്ല നഷ്ടം 3349245/-

താഴെപ്പറയുന്ന റോഡുകളിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് AG&P City Gas Pv Ltdന് അനുമതി നൽകിയത് പ്രകാരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുകയും റെസ്റ്റോറേഷൻ നടത്താത്ത അവസ്ഥയിലുമായിരുന്നു. ഈ റോഡുകൾ ടാറിംഗ് ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുള്ളതിനാൽ റെസ്റ്റോറേഷൻ ഗ്യാസ് ഏജൻസിയെക്കൊണ്ട് ചെയ്യിക്കാതെ റെസ്റ്റോറേഷൻ തുക ഈടാക്കാൻ ആവശ്യപ്പെടുന്നതിന് 29-02-24 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം നമ്പർ 1(9)1 തീയതി 29-02-24)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയ നീളം | റെസ്റ്റോറേഷൻ നടത്തുന്ന നീളം | ഈടാക്കേണ്ട റെസ്റ്റോറേഷൻ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വെളുത്തേടത്ത് റോഡ് | 231.30 | 150 | 150 X 1 $M^2$ @ 3880.91 = 582137/- |
| 2 | കുഴിപ്പോട് - NH66 | 150 അനുമതിയില്ലാതെ ചെയ്തത് - 300 | 428 | 428 X 1 $M^2$@ 3880.91 = 1661029/- |
| 3 | ITC – മന്നത്ത് റോഡ് | 75 | 75 | 75 X 1 $M^2$ @ 3880.91 = 291068/- |
| 4 | NSS കരയോഗം -പേഴാവള്ളി റോഡ് | അനുമതിയില്ലാതെ ചെയ്തത് - 210 | 210 | 210 X 1 $M^2$ @ 3880.91 = 814991/- |
| | ആകെ | | | 3349245 |

(റെസ്റ്റോറേഷൻ വീതി മിനിമം - 1 മീറ്റർ)

ടി തുക ഒടുക്കുന്നതിന് സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും (12-09-24) തുക ഒടുക്കിയിട്ടില്ല. തുക ഒടുക്കിയിട്ടില്ലെങ്കിൽ ബാങ്ക് ഗ്യാരണ്ടിയിൽ നിന്നും ഈടാക്കുന്നതിന് മേൽതീരുമാനത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയതും നടപ്പിലാക്കിയിട്ടില്ല. ITC – മന്നത്ത് റോഡ്, NSS കരയോഗം പേഴാവള്ളി റോഡ് എന്ന് റോഡുകൾ റീടാറിംഗ് നടത്തിയതിന് 2024-25 വർഷം ഓഡിറ്റ് തീയതി വരെ യഥാക്രമം

265675/-ഉം 512824/-രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. കുഴിപ്പോട് - NH66 റോഡ് റീടാറിംഗിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ചെലവു വന്നിട്ടില്ല വെളുത്തേടത്ത് റോഡ് 271/24-ാം നമ്പറായി പ്രോജക്ട് ഏറ്റെടുത്തിരുന്നെങ്കിലും പിന്നീട് ഉപേക്ഷിച്ചതായി അറിയിച്ചിട്ടുണ്ട്.

അതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച റെസ്റ്റോറേഷൻ ചാർജ്ജായ 3349245/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/11-09-14) മറുപടി നൽകിയിട്ടില്ല. കുറവു വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാതെ അവശേഷിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ് എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ, ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ ലൈസൻസെടുത്തു പ്രവർത്തിച്ചിരുന്നവയായിട്ട് പോലും ഒന്നാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | അസാപ് | I |
| 2 | വെനീസ് ഇൻഡസ്ട്രീസ് | I |
| 3 | ദേവി ട്രേഡ് ലിങ്ക്സ് | I |
| 4 | ഗോൾഡൻ ഫ്ലവർ മെഡിക്കൽ സെന്റർ | II |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3/07.09.2024) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലീവ് ട്രാവൽ കൺസെഷൻ അധികം തുക നൽകി

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ഷെയ്ക്ക് ബിജു.സി.എസ്-ന് ലീവ് ട്രാവൽ കൺസെഷൻ ആയി 102400/- രൂപ അനുവദിച്ചിട്ടുണ്ട്.

വൌച്ചർ നം. 22300108/20.04.2023 – 50000/-രൂപ (അഡ്വാൻസ്)

വൌച്ചർ നം. 22300421 /04.07.2023 – 52400/- രൂപ

ഐ.എൽ.ജി.എം.എസ്, ഫയലുകൾ മുഖാന്തിരം മേൽപ്പറഞ്ഞ അപേക്ഷ, വൌച്ചറുകൾ എന്നിവ പരിശോധിച്ചതിൽ അദ്ദേഹം ഭാര്യയും മൂന്ന് മക്കളും അടക്കം (ആകെ അഞ്ച് പേർ) പോകുന്നതായാണ് കാണിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ

20.04.2023 ലെ ഉത്തരവ് നം. DDP-ALP/1272/2023-E2 ഉത്തരവിൽ 25.04.2023 മുതൽ 12.05.2023 വരെയുള്ള ദിവസങ്ങളിൽ ലീവും യാത്രാനുമതിയും അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. ഹോം ടൌൺ ആയി തെരഞ്ഞെടുത്തിരിക്കുന്നത് ആലപ്പുഴയാണ്. 25.04.23 മുതൽ 3.05.2023 വരെയുള്ള യാത്രക്ക് ശേഷം ക്ലയിം സെറ്റിൽ ചെയ്യാനായി ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് അപേക്ഷിക്കുകയും ഇത് 23.05.2023 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു (തീരുമാനം 24(2)). കമ്മറ്റി നിയമാനുസൃത യാത്രാപ്പടി അനുവദിക്കാനാണ് തീരുമാനിച്ചത്. എന്നാൽ തീരുമാനത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് ആകെ 115215/- രൂപയാണ് ക്ലയിം കാണിച്ചിരിക്കുന്നത് വിമാന യാത്രാ നടത്തിയ ടിക്കറ്റ് കാണിച്ചാണ് ക്ലെയിമിന് അപേക്ഷിച്ചിട്ടുള്ളത് വാസഗൃഹം, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിലേക്കുള്ള ഓട്ടോ, ടാക്സി ചാർജ്ജുകൾ എന്നിവ ഉൾപ്പടെയാണ് ആകെ 115215/- രൂപയാണ് ക്ലയിം കാണിച്ചിരിക്കുന്നത് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 13.06.2023 ലെ ഉത്തരവ് നം LSGD/JD/ALP/140/2023/A1 ഉത്തരവിൽ നിയമാനുസൃതം അനുവദിക്കേണ്ട യാത്രാപടിയിൽ നിന്നും അഡ്വാൻസ് തുക കിഴിച്ച് ബാക്കി തുക (തുക രേഖപ്പെടുത്തിയിട്ടില്ല) നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. 50000/-രൂപ മുൻകൂർ കിഴിച്ച് 52400/- രൂപ വൌച്ചർ നം 22300421 വഴി 05.07.2023 ൽ കൈപ്പറ്റി. ക്ലെയിം ചെയ്തത്, അനുവദിച്ചത്, അനുവദിക്കാവുന്നത് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷിച്ച ക്ലെയിം | അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|---|---|
| 1 | കൊച്ചി എയർപ്പോർട്ട് വരെയുള്ള ടാക്സി ഫെയർ(3000/-) | ആലപ്പുഴയിൽ നിന്നും കൊച്ചി എയർപ്പോർട്ട് വരെയുള്ള | - |

| | | | |
|---|---|---|---|
| | | ടാക്സി ഫെയർ(2590/-) | |
| 2 | കൊച്ചിയിൽ നിന്നും ജെയ്പൂർ വരെ വിമാന യാത്ര(36160/-) | II AC രാജധാനി എറണാകുളം മുതൽ ഡെൽഹി വരെ യാത്ര(37150/-) | *19875/- |
| 3 | ടാക്സിയിൽ ഡെൽഹി, അമൃത്സർ, ചണ്ഡിഗഢ് കൂടാതെ പല ഡെസ്റ്റിനേഷനുകളിലേക്കും ടാക്സി മുഖാന്തിരം യാത്ര ചെയ്തതിന്റെ (31250/-) | ടാക്സിയിൽ ഡെൽഹി, അമൃത്സർ, ചണ്ഡിഗഢ് കൂടാതെ പല ഡെസ്റ്റിനേഷനുകളിലേക്കും ടാക്സി മുഖാന്തിരം യാത്ര ചെയ്തതിന്റെ (23425/-) | - |
| 4 | ചണ്ഡിഗഢിൽ നിന്നും വിമാന മാർഗ്ഗം കൊച്ചി (41805/-) | II AC രാജധാനി ചണ്ഡിഗഢിൽ നിന്നും ഡെൽഹി, | *19875/- |

| | | | |
|---|---|---|---|
| | | എറണാകുളം (36675/-) | |
| 5 | കൊച്ചിയിൽ നിന്നും ആലപ്പുഴ ടാക്സി മാർഗ്ഗം(3000/-) | കൊച്ചിയിൽ നിന്നും ആലപ്പുഴ ടാക്സി മാർഗ്ഗം(2590/-) | - |
| | ആകെ ക്ലെയിം - 115215 | ആകെ അനുവദിച്ചത്- 102400/- | ആകെ അനുവദിക്കാവുന്നത് - 39750/- |

ഫയൽ പരിശോധിച്ചതിൽ എൽ.റ്റി.സി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ശ്രീ.ഷെയ്ക്ക് ബിജു.സി.എസ് സമർപ്പിച്ച എൽ.റ്റി.സി അപേക്ഷയിൽ ഡെസ്റ്റിനേഷൻ കാണിച്ചിരിക്കുന്നത് താഴെപ്പറയുന്നു.

Place Of Visit And Destination From Home Town- Jaipur-Agra-Delhi-Amritsar- Chandigarh, 6200 Km.

പല ഡെസ്റ്റിനേഷനുകളിലേക്കുള്ള L.T.C Claim അനുവദനീയമല്ല എന്ന് 02.02.2019 ലെ 10/2019/Fin നം. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൃത്യമായ ഡെസ്റ്റിനേഷൻ കാണിച്ചിട്ടില്ല.

2.) ജയ്പൂരിലേക്കുള്ള വിമാനയാത്രയ്ക്ക് പകരം II AC രാജധാനി എറണാകുളം മുതൽ ഡെൽഹി വരെ യാത്രയ്ക്കുള്ള നിരക്ക് (37150/-) അനുവദിച്ചതിലുള്ള അപാകതകൾ-

02.02.2029 ലെ സർക്കുലർ 10/2019/ധന വകുപ്പ് അനുസരിച്ച് ഒരു ഡെസ്റ്റിനേഷനിലേക്കുള്ള ഷോർട്ടസ്റ്റ് ഡയറക്ട് റൂട്ട് ആണ് ക്ലെയിമിൽ അനുവദിക്കാവുന്നത്. ജയ്പ്പൂരിലേക്ക്ക്കുള്ള യാത്രയ്ക്ക് രാജധാനിയുടെ നിരക്കാണ് അനുവദിച്ചിരിക്കുന്നത്, ജെയ്പ്പൂരിലേക്ക് നേരിട്ട് മരുസാഗർ എക്സ്പ്രെസ് (12977-മരുസാഗർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രെസ്) ഉണ്ടെന്നിരിക്കെ രാജധാനിയുടെ നിരക്ക് അനുവദിച്ചു, പ്രസ്തുത യാത്രയ്ക്ക് ആവശ്യപ്പെട്ട ക്ലെയിമിൽ

അധികരിച്ച് തുക നൽകി, സർക്കാർ ഉത്തരവ് (അച്ചടി) 5/2013/ധന തീയതി 02-01-2013 പ്രകാരം KSR പാർട്ട്II അനുസരിച്ച് ടൂർ ടി.എ യ്ക്ക അർഹമായ ക്ലാസാണ് അനുവദിക്കാവുന്നത്. കൂടാതെ 25.10.2005 ലെ 60/2005/ധന (കേരള ഹൌസ് ജീവനക്കാർ) സർക്കുലർ പ്രകാരം എൽ.റ്റി.സി ക്ലെയിന് രാജധാനി അനുവദനീയമല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 31011/8/2017- Estt-A-IV തീയതി 19-09-2017 പ്രകാരവും നടത്തിയ വിമാനയാത്രയ്ക്ക് പകരം രാജധാനി എക്സ്പ്രസ് നിരക്ക് അനുവദനീയമല്ല. ( The Dynamic Fare Component Shall Not Be Admissible In Cases Where A Non -Entittled Govt Servant Travels By Air And Claim Reimbursement For The Entitlled Class Of Rajadhani Train).

3)* ഈ യാത്രയിലെ ഏറ്റവും കൂടിയ ദൂരമായ അമൃത്സർ ഡെസ്റ്റിനേഷനായി തെരഞ്ഞെടുത്താലും, ആലപ്പുഴ മുതൽ അമൃത്സർ വരെ II AC ട്രയിൻ ഫെയറിനാണ് എൽ.റ്റി.സി വഴി പരമാവധി അർഹത ലഭിക്കുക. ആലപ്പുഴ – അമൃത്സർ ട്രയിൻ ഫെയർ AC Two Tier ൽ 3975/- രൂപയാണ് (12483 കൊച്ചുവേളി-അമൃത്സർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രെസ്) അതായത് അഞ്ച് പേർക്കുമായി ഇരുവശത്തേക്കും അനുവദനീയമായ തുക 39750/- രൂപയാണ് വരുക (3975x5x2).
4.)എൽ.റ്റി.സിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സ.ഉ.(അ)5/2013ധന. തീയതി 02.01.2013 ഖ.8 പ്രകാരം ഹോം ടൌൺ മുതൽ ഒരു സ്ഥലം (ഡസ്റ്റിനേഷൻ) വരെയുള്ള ഇരു ദിശകളിലേക്കുമുള്ള യാത്രാക്കൂലിക്ക് മാത്രമാണ് അർഹത എന്നിരിക്കെ ഡസ്റ്റിനേഷനിൽ തങ്ങി വിവിധ സ്ഥലങ്ങൾ കാണുന്നതിനുള്ള ടാക്സി ചാർജ്ജുകളും, 02.02.2029 ലെ സർക്കുലർ 10/2019/ധന എന്നിവ പ്രകാരം വാസഗൃഹം മുതൽ റെയിൽവേ സ്റ്റേഷൻ എയർപോർട്ടിലേക്കുള്ള ഓട്ടോ, ടാക്സി ചാർജ്ജുകളും എൽ.റ്റി.സി വഴി തിരികെ ലഭിക്കില്ല എന്നാൽ ടി തുകകളും അനുവദിച്ചിട്ടുണ്ട്.

5) ആകെ 39750/- രൂപ ലീവ് ട്രാവൽ കൺസെഷൻ റീഫണ്ട് ലഭിക്കുന്നതിന് അർഹതയുള്ള സ്ഥാനത്ത് 102400/-(50000+52400) രൂപ കൈപ്പറ്റുകവഴി 62650/- രൂപ അധികമായി നൽകി.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം(നം.**13/10.09.2024**)ക്ക് മറുപടി

ലഭ്യമാക്കിയില്ല. അധികം നൽകിയ 62650/- രൂപ ആയത് കൈപ്പറ്റിയ ഉദ്യോഗസ്ഥനിൽ നിന്ന്
തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ആട് വളർത്തൽ പ്രോജക്ട് - യൂണിറ്റ് കോസ്റ്റിൽ അധികമായി തുക ചെലവഴിച്ചു

പ്രോജക്ട് നം.S0059/24

പ്രോജക്ടിന്റെ പേര് - ആട് വളർത്തൽ

നിർവ്വഹണം - വെറ്ററിനറി സർജൻ

വികസന ഫണ്ട് - 184000/-

ഗുണഭോക്തൃ വിഹിതം - 184000/-

ആകെ അടങ്കൽ -368000

ചെലവ് - 72000/-( വൗച്ചർ നം.22301878/21.03.24)

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലേയ്ക്ക് 46 ആടുകളെ വാങ്ങുന്നതിനായി ഒരു ആടിന് 8000/-രൂപ കണക്കാക്കി 4000/- സബ്സിഡിയും 4000/-ഗുണഭോക്തൃ വിഹിതവുമായി ഉൾപ്പെടുത്തിയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയായ ജില്ലാകളക്ടറുടെ 01.12.23 ലെ ഉത്തരവ് പ്രകാരം ആടിന്റെ യൂണിറ്റ് കോസ്റ്റ് (6 മുതൽ 8 മാസം വരെ - കുറഞ്ഞത് 12 കി.ഗ്രാം തൂക്കമുള്ളത്) നിരക്ക് 7000/- രൂപയാണ്. എന്നാൽ 15 കി.ഗ്രാം തൂക്കമുള്ള 18 ആടുകളെ വാങ്ങിയതിന് 8000/- രൂപ നിരക്കിൽ 144000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (തൻ വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ 72000/- രൂപയും 2024-25 ൽ സ്പിൽ ഓവറായി പ്രോജക്ട് നം.S0127/25 പ്രകാരം വികസന ഫണ്ട് 72000/- രൂപയും നൽകിയിട്ടുണ്ട്(TRN240601000000008380/04.07.2024 ) . യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് പ്ലാൻ ഫണ്ടിൽ നിന്ന് പരമാവധി നൽകാവുന്ന തുക 3500/- മാത്രമാണ്. എന്നാൽ 4000/- രൂപ

വീതമാണ് വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നത്. അധികമായി 9000/-രൂപ (18 X 500) ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (14 /10.09.24) മറുപടി ലഭിച്ചില്ല. പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 9000/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## <u>1-17 കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം - ഫൈൻ ഈടാക്കിയില്ല</u>

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0218/23 |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവു പുസ്തകം | E Mbook - 94562/2022 |
| ചെലവു വിവരം | ബിൽ നം. 253/30-11-23 രൂപ 879084/- |
| കരാർ നമ്പർ | 38/AE/LID&EW/MGP/2022-23/തീയതി 04-02-23 |
| സൈറ്റ് കൈമാറിയ തീയതി | 04-02-23 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട | 03-08-23 |

| | |
|---|---|
| തീയതി | |
| പൂർത്തീകരിച്ച തീയതി | 01-02-24 |

കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമാണ്. മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ മതിയെന്ന PTA കമ്മിറ്റിയുടെ തീരുമാനത്തിന്റെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെയും അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് 2 തവണയായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് പിഴയില്ലാതെ 6 മാസമാണ്.

ടി പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് 04-02-23 നാണ്. മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ മതിയെന്ന PTA കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി 01-04-23 മുതൽ ആരംഭിക്കാവുന്നതാണ്. PTA കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന കാലതാമസം 55 ദിവസം മാത്രമാണ്. കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്. കരാർ വ്യവസ്ഥ അനുസരിച്ച് കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ PAC യുടെ 1% ഫൈൻ ഈടാക്കി ക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എഗ്രിമെന്റ് അതോറിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി സമയം ഒറിജിനൽ സമയത്തിന്റെ പകുതിമാത്രമാണ്. ഈ പ്രവൃത്തിയുടെ ഒറിജിനൽ സമയം 6 മാസമായതിനാൽ ദീർഘിപ്പിച്ചു നൽകാവുന്നത് 3 മാസം കൂടിയാണ്. ഇതനുസരിച്ച് വരുന്ന പിഴയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| എക്സ്റ്റെൻഷൻ | കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത് | കാരണം | ചുമത്തേണ്ട ഫൈൻ |
|---|---|---|---|
| 1 | 28-09-23 വരെ (55 ദിവസം) | മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ മതിയെന്ന PTA കമ്മിറ്റിയുടെ തീരുമാനം | ഇല്ല |
| 2 | 12-11-23 വരെ (25% ഗ്രേസ് പിരീഡ് – 45 ദിവസം) | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാലതാമസം | ഇല്ല |
| 3 | 26-12-23വരെ (ആദ്യ തവണ-25% 45 ദിവസം) | കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച | ലിക്വിഡേറ്റഡ് ഡാമേജ് 0.1% / ആഴ്ച |
| 4 | പൂർത്തീകരിച്ച തീയതിയായ 01-02-24 വരെ | - ടി- | ലിക്വിഡേറ്റഡ് ഡാമേജ് 0.1% / ആഴ്ച |

| | | | |
|---|---|---|---|
| | (37 ദിവസം) | | |

ഈടാക്കേണ്ടുന്ന ഫൈനിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എഗ്രീഡ് PAC | 2213398 |
| ഈടാക്കേണ്ടുന്ന ഫൈൻ (82 ദിവസം = 11 ആഴ്ച) | 2213398 @1.1% = 24347 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 7/09-09-24 ) ഒരു പ്രവൃത്തിക്ക് സമയം ദീർഘിപ്പിച്ചു നൽകുന്നത് അതാത് സമയങ്ങളിലുള്ള ഉത്തരവ് പ്രകാരമാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം സമയം ദീർഘിപ്പിച്ചു നൽകിയതിന് മേൽപ്പറഞ്ഞതു പ്രകാരം പിഴ ഈടാക്കേണ്ടതാണ്. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-18 ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് - പദ്ധതി ഉപേക്ഷിച്ചതിനാൽ 41941/- രൂപയുടെ പാഴ്ച്ചെലവ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് |
| പ്രോജക്റ്റ് നമ്പർ | S0105/23 |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവു പുസ്തകം | 441/21-22 |
| ചെലവു വിവരം | ബിൽ നം. 354/01-02-24, 41941/-രൂപ |

ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് എന്ന പ്രവൃത്തിയുടെ അടിത്തറ ലെവൽ വരെ പണി പൂർത്തീകരിച്ച ഘട്ടത്തിൽ പ്രദേശവാസികൾ പരാതിപ്പെടുകയും തുടർന്ന് ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയും അത് മൂലം ദോഷം സംഭവിക്കുന്നില്ലായെന്നതും പരാതിക്കാരെ ബോധ്യപ്പെടുത്തിയെങ്കിലും പദ്ധതി നടപ്പാക്കാൻ പ്രദേശവാസികൾ സമ്മതിച്ചില്ല. തുടർന്ന് S0166/24 പ്രകാരം സ്പിൽഓവറായി പദ്ധതി ഏറ്റെടുത്തെങ്കിലും വീണ്ടും പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കപ്പെട്ടു. പഞ്ചായത്ത് കമ്മിറ്റിയുടെ 26-08-23 ലെ തീരുമാനം നമ്പർ 1(1) അനുസരിച്ച് നാളിതുവരെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകുന്നതിന് തീരുമാനിച്ചു. ഇപ്രകാരം അടിത്തറ ലെവൽ വരെ പൂർത്തീകരിച്ചതിന് 41941/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/10-09-24) ഈ ഫൗണ്ടേഷന് മുകളിൽ മിനി MCF സ്ഥാപിക്കാൻ ചെന്നപ്പോഴും നാട്ടുകാരുടെ വിയോജിപ്പു കാരണം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചു. അതിനാൽ ചെലവഴിച്ച 41941/- രൂപ പാഴ് ചെലവായി മാറി. അതിനാൽ ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പ്രായോഗികതകൂടി കണക്കിലെടുക്കേണ്ടതും പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ ഏതെങ്കിലും നിർമ്മാണങ്ങൾക്കായി നിലവിലുള്ള ഫൌണ്ടേഷൻ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## 1-19 സ്റ്റാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള വോയിഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികച്ചെലവിനിടയാക്കി

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന പ്രവൃത്തിയിൽ ക്വാറിമക്ക്, ഗുഡ് എർത്ത് എന്നിവ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് തുക അനുവദിച്ചപ്പോൾ സ്റ്റാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ 1.27.1.1, 1.27.2.5 ഇവ പ്രകാരം വോയിഡ്സിനത്തിൽ ക്വാണ്ടിറ്റിയിൽ കുറവു ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചത് അധിക

നൽകാനിടയാക്കി. കപ്പാറിമക്കിന് 15% വും ഗുഡ് എർത്തിന് 20%വുമാണ് വോയിഡ്സിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി / കരാറുകാരൻ | സ്റ്റാക്ക് അളവ് | അനുവദിച്ച അളവ് | അനുവദിക്കാവുന്ന അളവ് | അധികം | ചെലവു തീയതി |
|---|---|---|---|---|---|---|
| 1 | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് സിയാദ് മേത്തർ | കപ്പാറിമക്ക് - 54.83 $M^3$ ഗുഡ് എർത്ത് 69$m^3$ | കപ്പാറിമക്ക് - 54.79 $M^3$ ഗുഡ് എർത്ത് -62.127$m^3$ | കപ്പാറിമക്ക് - 46.61 $M^3$ ഗുഡ് എർത്ത് 55.2$m^3$ | കപ്പാറിമക്ക്- 8.18 M3 @1300 = 10634/- ഗുഡ് എർത്ത് - 6.927$m^3$ @1121 =7765 | 02-04-23 |
| 2 | നമ്പ്യാനവെളി നടപ്പാത ടൈലിംഗ് സിയാദ് മേത്തർ | ഗുഡ് എർത്ത് 35.13 $M^3$ | 31.6610 $M^3$ | 28.104$m^3$ | 3.557$m^3$ @1121 = 3987 | 22-06-23 |
| 3 | പുത്തൻ പുരയ്ക്കൽ റോഡ് ടൈലിംഗ് സിയാദ് മേത്തർ | ഗുഡ് എർത്ത് 38.71 $M^3$ | 33.638 $M^3$ | 30.97 $M^3$ | 2.668 $M^3$ @1180 = 3148 | 16-04-23 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ബണ്ട് സെന്റ് ജോസഫ്സ് ചർച്ച് ഫുട്പാത്ത് ടൈലിംഗ് അനസ് നൈന | ഗുഡ് എർത്ത് 28.35 $M^3$ | 25.343 $M^3$ | 22.68$m^3$ | 2.663 @1121 = 2985 | 07-11-23 |
| 5 | പോപ്പിപാലം പാണംതയ്യിൽ റോഡ് ടൈലിംഗ് റോബിച്ചൻ | ഗുഡ് എർത്ത് 28.21 $M^3$ | 25.48 $M^3$ | 22.568$m^3$ | 2.912 $M^3$ @1180 = 3436 | 10-04-23 |
| 6 | കച്ചേരിവെളി തെക്കേ നടക്കാവ് റോഡ് ടൈലിംഗ് സിയാദ് മേത്തർ | ഗുഡ് എർത്ത് 20.723 $M^3$ | 18.65$m^3$ | 16.578 $M^3$ | 2.082$m^3$ @ 1180 = 2457 | 07-01-24 |
| | ആകെ | | | | 34412 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/10-09-24) മറുപടി നൽകിയില്ല അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-20 പ്രവൃത്തിക്ക് ആവശ്യമായതിലും അധികം സ്റ്റോൺ അഗ്രിഗേറ്റിനുള്ള വില നൽകി-അധിക ചെലവ്**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് |
| കരാറുകാരൻ | സിയാദ് മേത്തർ |
| അളവു പുസ്തകം | 294/22-23 |
| ചെലവു വിവരം | FTO തീയതി 02-04-23 രൂപ 342017/- |

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിയിൽ 167.70 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.075 മീറ്റർ കനത്തിലാണ് മെറ്റലിംഗ് നടത്തിയിരിക്കുന്നത്. ഇത് ചെയ്യുന്നതിന് ആവശ്യമായ 63mm – 45mm അഗ്രിഗേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

സപ്ലൈയിംഗ് & സ്റ്റാക്കിംഗ് 63mm – 45mm സ്റ്റോൺ അഗ്രിഗേറ്റ് എന്ന ഇനത്തിന് എസ്റ്റിമേറ്റ് പ്രകാരം വരുന്ന അളവ് -167.70x3x0.0935 = 47.04 $M^3$

ഇതിനാവശ്യമായ 80mm, 63mm, 50mm സ്റ്റോൺ അഗ്രിഗേറ്റിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ആവശ്യമായ അളവ് | അനുവദിച്ച അളവ് | അധികം ചെലവഴിച്ച തുക |
|---|---|---|---|
| 80mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @0.1 = 4.704 $M^3$ | 5.075 $M^3$ | 0.371 $M^3$ @2625 = 974 |

| | | | |
|---|---|---|---|
| 63mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @0.65 = 30.576 $M^3$ | 32.9712 $M^3$ | 2.3952 $M^3$@ 2677.50 =6413 |
| 50mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @ 0.25 = 11.76 $M^3$ | 12.681 $M^3$ | 0.921 $M^3$ @ 2677.50 =2466 |
| അധികം നൽകിയ തുക | | | 9853 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/10-09-24) മറുപടി നൽകിയില്ല അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി -സ്രോതസിൽ കുറവു ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.50 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഉറവിടത്തിൽ കുറവ് ചെയ്ത് (TDS) ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളിൽ ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ടിയിരുന്ന GST (2%) | ചെലവു തീയതി |
|---|---|---|---|---|---|
| 1 | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് | സിയാദ് മേത്തർ | 342017 | 6840 | 02-04-23 |
| 2 | നമ്പ്യാനവെളി നടപ്പാത ടൈലിംഗ് | സിയാദ് മേത്തർ | 427460 | 8549 | 22-06-23 |
| 3 | പുത്തൻ പുരയ്ക്കൽ റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 413262 | 8265 | 16-04-23 |
| 4 | ബണ്ട് സെന്റ് ജോസഫ്സ് ചർച്ച് ഫുട്ബാത്ത് ടൈലിംഗ് | അനസ് നൈന | 402792 | 8056 | 07-11-23 |
| 5 | പോപ്പിപാലം പാണംതയ്യിൽ റോഡ് ടൈലിംഗ് | റോബിച്ചൻ | 458867 | 9177 | 10-04-23 |

| | | | | | |
|---|---|---|---|---|---|
| 6 | കച്ചേരിവെളി തെക്കേ നടക്കാവ് റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 390832 | 7816 | 07-01-24 |
| 7 | വെളിച്ചപ്പാട്ട് കുളങ്ങര റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 459708 | 9194 | 10-04-23 |
| 8 | തോപ്പിൽ ചീയാം വെളി റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 402519 | 8050 | 02-04-23 |
| | ആകെ | | | 65947 | |

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20/10-09-24) മറുപടി നൽകിയില്ല സ്രോതസിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി (ട്ടി.ഡി.എസ്) കരാറുകാരിൽ നിന്നു ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## <u>1-22 ടൈൽ റോഡ് നിർമ്മാണം - മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു</u>

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത ടൈൽ റോഡ് നിർമ്മാണ പ്രവൃത്തികളിൽ സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് WP(C)36215/2023, WP(C)36104/2023, WP(C)36201/2023, WP(C)36104/2023 നമ്പർ ഹർജികളിൻമേലുള്ള താത്ക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ്

നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. MNREGS ഓംബുഡ്സ്മാന്റെ ഉത്തരവ് പരിഗണിക്കാതെ ബോണ്ട് വാങ്ങി തുക നൽകുവാൻ താത്ക്കാലികമായി ഉത്തരവിടുകയും ഈ ഉത്തരവ് റിട്ട് ഹർജികളിൻമേലുള്ള തുടർന്നുള്ള ഉത്തരവിന് (Further Orders) വിധേയമാണെന്നും മേൽ സൂചിപ്പിച്ച ഹർജികളിൻമേൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

MNREGS Secure Software 2022 ൽ തയ്യാറാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരം ഇന്റർ ലോക്കിംഗ് സി.സി പേവർബ്ലോക്കിന്റെ (80mm Thick M30) വില ഒരു ചതുരശ്ര മീറ്ററിന് 1652/- രൂപയാണ്. ഇത് ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാളും വളരെ ഉയർന്ന നിരക്കാണെന്ന് ബോധ്യപ്പെട്ടതിനാൽ 15-03-23 മുതൽ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന വില നൽകുവാൻ പാടില്ലായെന്ന് ആലപ്പുഴ MNREGS ഓംബുഡ് പേഴ്സൺ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ബ്ലോക്ക് പ്രോഗ്രം ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു (13-03-23ലെ OMB/ALP/AW/38/2023 -ാം നമ്പർ ഓംബുഡ് പേഴ്സൺന്റെ നടപടി ക്രമം).

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ MNREGS പ്രവൃത്തികളിൽ വെണ്ടറുമായി കരാറിൽ ഏർപ്പെടുമ്പോൾ MNREGS Secure Software ലെ വില മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതലാണെങ്കിൽ മാർക്കറ്റ് റേറ്റ് മാത്രമേ നൽകുവാൻ കഴിയുള്ളുവെന്ന് വിവിധ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർക്കറ്റ് റേറ്റിനേക്കാൾ കൂടുതൽ നൽകാൻ പാടില്ലായെന്ന് കേരള ഗവൺമെന്റിന്റെ തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ് 17-12-2018 തീയതിയിലെ സ.ഉ(സാധാ) നം.3159/2018/ത.സ്വ.ഭ.വ. LSGD ഉത്തരവിലും MNREGS മിഷൻ ഡയറക്ടറുടെ 17-08-2022 തീയതിയിലെ NREGA/724/2022-A3 നമ്പർ കത്തിലും കേന്ദ്ര സർക്കാരിന്റെ 29-11-2010 ലെ J-11060/3/2009/MGNREGA നമ്പർ കത്തിലും MNREGS കേരള മിഷൻ ഡയറക്ടറുടെ 25-06-2019 തീയതിയിലെ 1958/EGSC/I8/REGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കുള്ള കത്തിലും പരാമർശിച്ചിട്ടുള്ളതാണ്. നിലവിലെ മാർക്കറ്റ് നിരക്കനുസരിച്ച് ഇന്റർ ലോക്കിംഗ് സി.സി പേവർബ്ലോക്കിന്റെ (80mm Thick M30) വില ഒരു ചതുരശ്ര മീറ്ററിന് 1062/- മാത്രമാണ്. ഒരു ചതുരശ്ര മീറ്ററിലെ വില വ്യത്യാസം 590/- രൂപ

അതിനാൽ ഒരു പ്രവൃത്തിയിൽ തന്നെ ലക്ഷങ്ങളുടെ അധികച്ചെലവാണ് വന്നിട്ടുള്ളത് ഉദാഹരണം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുത്തൻ പുരക്കൽ റോഡ്ടൈലിംഗ് |
| സപ്ലൈ ചെയ്ത ടൈലിന്റെ അളവ് | 204.450$m^2$ |
| കരാറുകാരന് നൽകിയ തുക (എസ്റ്റിമേറ്റ് റേറ്റ്) | 204.450 @1652 = 337751 |
| മാർക്കറ്റ് വില അനുസരിച്ച് വരുന്ന തുക | 204.450 @1062 = 217126 |
| വ്യത്യാസം | 120625 |

തൻവർഷം 11 പ്രവൃത്തികളിലാണ് ടൈലിന്റെ വില ഉയർന്ന നിരക്കിൽ അനുവദിച്ചിട്ടുള്ളത്. ഇതു വഴി ലക്ഷങ്ങളുടെ നഷ്ടമാണ് കേന്ദ്ര ഫണ്ടിന് ഉണ്ടായിട്ടുള്ളത് മേൽ സൂചിപ്പിച്ച ഹർജികളിലെ താത്ക്കാലിക ഉത്തരവിൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തീയതി വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -21/10-09-24) മറുപടി നൽകിയില്ല.

## 1-23 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ -S0055/24

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ - 300000/-(295000/-മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്

5000/- ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 300000 /-(295000/-TRN No. 23060100000026140/11.01.2024

5000/- വൌച്ചർ നം. 22301829 / 15.03.2024 )

മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി ഹോംകോയുടെ 30.11.23 ലെ പ്രോഫോർമ ഇൻവോയ്സ് നം. PF939 പ്രകാരം 300000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. 28.05.2024 ലെ ഇൻവോയ്സ് നമ്പർ LF 274 പ്രകാരം 153952/- രൂപയുടെയും, 17.07.2024 ലെ ഇൻവോയ്സ് നമ്പർ LF 658 പ്രകാരം 80737/- രൂപയുടെയും മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 65311/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടു ണ്ടെങ്കിൽ വിശദാംശങ്ങളറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.04/07.09.2024) ക്ക് മരുന്ന് ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകി. തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമാക്കാത്തതിനാൽ 65311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-24 പൊതു ടാപ്പുകൾ കട്ട് ചെയ്യൽ - എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായില്ല</u>

കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ നിലവിലുണ്ടായിരുന്ന 439 ടാപ്പുകളിൽ 265 എണ്ണം ഉപയോഗശൂന്യമായി കണ്ടെത്തി. ബാക്കിയുള്ള 174 എണ്ണം നിലനിർത്തിക്കൊണ്ട്

ഉപയോഗശൂന്യമായവ കട്ട് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് 423722/- രൂപ ചെക്ക് നം 004279/19.12.2023 പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റിയുമായി 02.03.2024 ൽ മാത്രമാണ് കരാറിലേർപ്പെട്ടത് കരാർ പ്രകാരം തുക ലഭിച്ച് 5 മാസത്തിനകം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ് (19.05.2024ൽ). പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും 19.12.2023 ൽ തുക കൈമാറിയിട്ടും വാട്ടർ അതോറിറ്റിയുമായി കരാർ വയ്ക്കാൻ 2 മാസത്തിലധികം താമസമുണ്ടാകാനുള്ള കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/11.09.2024) മറുപടി ലഭിച്ചില്ല.

പഞ്ചായത്ത് കമ്മറ്റിയുടെ 15.05.2024 ലെ 2 (7) നമ്പർ തീരുമാനപ്രകാരം നിലവിൽ വാട്ടർ ചാർജ്ജ് ഒടുക്കേണ്ടതില്ല എന്നും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് ശേഷമുള്ള പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് നിശ്ചയിച്ച് തരുന്ന മുറയ്ക്ക് തുക ഒടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി ഉപയോഗശൂന്യമായി കണ്ടെത്തിയതും, കട്ട് ചെയ്യുന്നതിനായി തുക ഒടുക്കിയതുമായ ടാപ്പുകൾക്ക് ഉൾപ്പെടെയാണ് പ്രതിമാസം വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നത്. വാട്ടർ ചാർജ്ജ് ഇനത്തിൽ കുടിശികയും ഫൈനും വർദ്ധിച്ചുവരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 423722/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പോസ്റ്റ് ഷിഫ്റ്റിംഗ് - പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രോജക്റ്റ് നം.S0005/24

പ്രോജക്റ്റിന്റെ പേര് - പോസ്റ്റ് ഷിഫ്റ്റിംഗ്

അടങ്കൽ - 500000/- (തനത് ഫണ്ട്)

ചെലവ് - 105474/-(193/09.01.24)

| ഫണ്ട് | വികസന ഫണ്ട് | തനത് ഫണ്ട് | ആകെ |
|---|---|---|---|
| അടങ്കൽ | 5265 | 167212 | 172477 |
| ചെലവ് | 5265/-(2014200614545/3.10.23) | 49508/-((1)28108/612/25.03.24 (2)21400/-/630/27.03.24) | 54773/- |

റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് നീക്കി സ്ഥാപിക്കുന്നതിനായി കെ എസ് ഇ ബി കലവൂർ സെക്ഷന് 54773/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/09.09.24) കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 54773/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം.S0013/24

പ്രോജക്ടിന്റെ പേര് - ഐ കെ എം വിഹിതം അടവാക്കൽ

അടങ്കൽ - 154993/- (വികസന ഫണ്ട്)

ചെലവ് - 129928/-( 2014200758606/08.11.23)

സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ 129928/- രൂപ ഐ കെ എം ന് ടെക്നിക്കൽ സ്റ്റാഫിന്റെ വേതനമിനത്തിൽ കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/09.09.24) സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 129928/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെ

പ്രോജക്റ്റ് നം. S0262/24

അടങ്കൽ 7,00,000/-

ചിലവ് 25,536/-

(112016402059/27-03-24/9016/- രൂപ

001332062947/27-03-24 /16520/-രൂപ)

നിർവ്വഹണം മെഡിക്കൽ ഓഫീസർ, കലവൂർ പിഎച്ച്സി

കലവൂർ പിഎച്ച്സി, മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബാരോഗ്യ കേന്ദ്രത്തിലും, ഉപകേന്ദ്രത്തിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയിൽപ്പെടുത്തി മാതാ സർജിക്കൽസ്, ആലപ്പുഴയിൽ നിന്നും 25,536/- രൂപയുടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ നടത്തിയതായി കാണുന്നു. (HB Strip Action I 322 എണ്ണം. (322x28) 9016/- രൂ. HB Meter Peerless- 4 എണ്ണം (4130x4) 16520/- രൂപ ആകെ 25,536/- രൂപ) 15,000/- രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള എല്ലാ വാങ്ങലുകളും ക്വട്ടേഷൻ മുഖേന വേണം നടത്തേണ്ടത്. (സ്റ്റോർ പർച്ചേസ് മാന്വൽ (ഖ. 7.6, 7.31). എന്നാൽ ഇവിടെ വാങ്ങൽ നടത്തിയിട്ടുള്ളത് നിയമപരമായ രീതികളിലൂടെയല്ല.

തന്നെയുമല്ല, ഇതേ സാധനങ്ങൾ, ഇതേ ഏജൻസിയിൽ നിന്നും മഞ്ചേരി പിഎച്ച്സിയിലേയ്ക്ക് വാങ്ങിയിരിക്കുന്നത് യഥാക്രമം 25/- രൂപയ്ക്കും, 3500/- രൂപയ്ക്കുമാണ്. അവിടെ കട്ടേഷൻ വിളിച്ചാണ് വാങ്ങിയിട്ടുള്ളത്. ആയത് പ്രകാരം 3486/- രൂപയുടെ നഷ്ടം ഈ വാങ്ങലിൽ സംഭവിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിനു കീഴിലുള്ള രണ്ട് ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് ഒരേ തരത്തിലുള്ള സാധനങ്ങൾ ഒരേ സ്ഥാപനത്തിൽ നിന്ന് പല വിലയ്ക്ക് വാങ്ങുന്നത് വാങ്ങലുകളിലുള്ള ഏകോപനമില്ലായ്മയും ആസൂത്രണത്തിലെ പിഴവുമാണ്. ക്രമ പ്രകാരമല്ലാത്ത വാങ്ങൽ മൂലം അധികച്ചെലവായ 3486/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 22/10-09-2024 ന് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുകയായ 25,536/- രൂപയിൽ, നിരാകരിച്ച 3486/- രൂപ കഴിച്ച് 22,050/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരണം

വി. ഇ. ഓ. (കണക്കൂർ സർക്കിൾ, എച്ച്ക്യൂ സർക്കിൾ, മഞ്ചേരി സർക്കിൾ) എന്നിവർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ രേഖകളും, ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. താഴെ പേര് ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തീകരിക്കുകയോ തുടർ തവണകളിലെ പണം കൈപ്പറ്റുകയോ ചെയ്തിട്ടില്ല. കരാർ വെച്ച ശേഷം ആറ് മാസത്തിനകം പണി പൂർത്തിയാക്കണമെന്നിരിക്കെ ഒരു വർഷത്തിന് ശേഷവും പണി പൂർത്തിയാക്കിയതായോ, തുടർന്നുള്ള പണം കൈപ്പറ്റിയതായോ കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/കരാർ തീയതി | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | നിർവ്വഹണം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | ശ്രീ. വേലപ്പൻ.കെ.കെ | 40,000/- രൂപ 20-07-2023 | S043/23-24 | 2,06,02,923 | 92,33,800/- | വി.ഇ.ഓ. (കണക്കൂർ) |
| 2. | ശ്രീ. പ്രകാശൻ. കെ.കെ | 40,000/- രൂപ 23-02-2023 | S0175/23-24 | 88,61,811/- | 6,10,000/- | വി.ഇ.ഓ. (കണക്കൂർ) |
| 3. | ശ്രീമതി. രാജമ്മ | 40,000/- രൂപ 18-03-2023 | S0176/23-24 (എസ് സി പി) | 39,00,000/- | 1,48,930/- | വി.ഇ.ഓ. (കണക്കൂർ) |
| 4. | ശ്രീമതി. ലളിതമ്മ | 40,000/- രൂപ 20-11-2023 | S0051/23-24 | 2,47,00,000 | 23,30,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 5. | ശ്രീമതി നിമ്മിമോൾ | 40,000/- രൂപ 26-08-2021 | S0050/23-24 (എസ് സി പി) | 1,04,00,000/ | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 6. | ശ്രീമതി ബിന്ദു ശശികുമാർ | 40,000/- രൂപ 16-06-2023 | S0050/23-24 (എസ് സി പി) | 1,04,00,000/- | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 7. | ശ്രീ. അമൽ S/O തമ്പാൻ | 40,000/- രൂപ 16-05-2023 | S0050/23-24 (എസ് സി പി) | 1,04,00,000/- | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 8. | ശ്രീ. സരുൺലാൽ | 200000/-രൂപ 23-08-23 (പണം കൈപ്പറ്റ് തീയതി) | S0050/23-24 (എസ് സി പി) | 1,04,00,000/- | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |

| | | | | | | |
|---|---|---|---|---|---|---|
| | | 22-06-23 | | | | |
| 9. | ശ്രീമതി ലക്ഷി വേലായുധൻ | 40000/-രൂ. 13-11-2023 | S0050/23-24 (എസ് സി പി) | 1,04,00,000/- | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 10. | ശ്രീമതി.പ്രീമ | 200000/-രൂ. 23-08-23 (പണം കൈപ്പറ്റ് തീയതി) 05-06-23 | S0050/23-24 (എസ് സി പി) | 1,04,00,000/- | 42,80,000/- | വി.ഇ.ഓ. (എച്ച്ക്യൂ സർക്കിൾ) |
| 10. | ശ്രീമതി രാധാമണി | 300000/- 29-01-23 | S0048/23-24 (എസ് സി പി) | 1,05,91,000/- | 61,40,000/- | വി. ഇ. ഓ. (മണ്ണഞ്ചോരി സർക്കിൾ) |
| 11. | ശ്രീ. ഹരിദാസൻ | 300000/- 30-01-23 | S0048/23-24 (എസ് സി പി) | 1,05,91,000/- | 61,40,000/- | വി. ഇ. ഓ. (മണ്ണഞ്ചോരി സർക്കിൾ) |
| 12. | ശ്രീമതി പാർവ്വതി | 2,400,00/- 01-06-23 | S0048/23-24 (എസ് സി പി) | 1,05,91,000/- | 61,40,000/- | വി. ഇ. ഓ. (മണ്ണഞ്ചരി സർക്കിൾ) |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 16/10-09-2024 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, പൂർത്തീകരണം അനന്തമായി നീളുന്ന വീടുകളുടെ വിവരം ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ജനപ്രതിനിധികളും, നോഡൽ ഓഫീസറും ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർ പണി പൂർത്തിയാകാനുള്ളവരുടെ താമസസ്ഥലം സന്ദർശിച്ച് പണി പൂർത്തിയാക്കാൻ

ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി മുൻകൂർ കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും, ശേഷിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 ലിമിറ്റഡ് ടെണ്ടറിന് പകരം ക്വട്ടേഷൻ

പ്രോജക്റ്റ് നം. S00264/24

അടങ്കൽ 2,83,000/- (ഹെൽത്ത് ഗ്രാന്റ്)

ചെലവ് 2,36,519/-
(BRN 112016225229 Dt.19-03-24)
(BRN 112016263098 Dt.22-03-24)
(BRN 112016263091 Dt.22-03-24)

നിർവ്വഹണം മെഡിക്കൽ ഓഫീസർ, പിഎച്ച്സി

മെഡിക്കൽ ഓഫീസർ, പിഎച്ച്സി നിർവ്വഹണം നടത്തിയ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്ന ഈ പദ്ധതിയിൽപ്പെടുത്തി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 06-02-24, 17-02-2024, 27-02-2024 എന്നീ തീയതികളിലാണ് ഈ വാങ്ങൽ നടത്തിയിട്ടുള്ളത്. 38,626/- രൂപ പ്രകാരമുള്ള മൂന്ന് വാങ്ങലുകളാണ് ഒരു മാസത്തിനുള്ളിൽ നടത്തിയിട്ടുള്ളത്. ആകെ 1,15,878/- രൂപ. (38626 X3) എസ്റ്റിമേറ്റ് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെന്ററർ പ്രകാരം നടത്തണമെന്നിരിക്കെ, (സ്റ്റോർ പർച്ചേസ് മാനവൽ ഖ.7-8) അതിന് വിരുദ്ധമായി 1,15,878/- രൂപയുടെ വാങ്ങലുകൾ ഒരു മാസത്തിൽ മൂന്ന് തവണയായി നടത്തി വാങ്ങലുകൾ എല്ലാം ഒരേ സ്ഥാപനത്തിൽ നിന്ന്. മൂന്ന് തവണയും ക്വട്ടേഷനിൽ

പങ്കെടുത്തത് ഒരേ ആൾക്കാർ, കാട്ട് ചെയ്ത്തത് ഒരേ വില, കട്ടേഷൻ അവാർഡ് ചെയ്തത് മൂന്ന് തവണയും ഒരാൾക്ക് തന്നെ. തന്നെയുമല്ല ഈ വാങ്ങലുകൾക്കൊന്നും തന്നെ നോൺ അവൈലബിലിറ്റി സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. കട്ടേഷനിൽ പങ്കെടുത്തവരുടേയും, അവർ കാട്ട് ചെയ്ത വിലയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കട്ടേഷൻ നോട്ടീസ് നം. 70/24 തീയതി 06-02-24/38628/-രൂപ (112016225229/19-03-24)

2) കട്ടേഷൻ നോട്ടീസ് നം. 78/24 തീയതി 17-02-24/ 38628/-രൂപ (112016263091/22-03-24)

3) കട്ടേഷൻ നോട്ടീസ് നം. 92/24 തീയതി 27-02-24/ 38628/-രൂപ (112016263098/22-03-24)

| ക്രമ നം. | മെഡിക്കൽ ഉപകരണങ്ങളുടെ പേര് വിവരം | എണ്ണം | മെഡിസോൺ ഹെൽത്ത്, മാവേലിക്കര. | സർജിക്കൽ & സയന്റിഫിക്ക് കമ്പനി, കോട്ടയം | മാതാ സർജിക്കൽസ്, ആലപ്പുഴ |
|---|---|---|---|---|---|
| 1. | Omeron BP Digital HBP 1320 | 01 | 10000 | 10500 | 9500 |
| 2. | On Call Plus Blood Glucose Meter | 01 | 7.00 | 7.50 | 6.50 |
| 3. | On Call Plus Strip (200s) | 10 | 8.00 | 10.00 | 7.50 |
| 4. | POC Blood Lancet Round (100s) | 30 | 1.00 | 1.5 | 0.60 |

| | | | | | |
|---|---|---|---|---|---|
| 5. | Dr. Morepen Pregnancy Kit | 200 | 10.00 | 12.00 | 9.00 |
| 6. | ELKO Stelth Alphatone EL50 | 01 | 450.00 | 500.00 | 400.00 |
| 7. | HB Meter Peerless | 01 | 3750 | 4000 | 3500 |
| 8. | HB Strip Action I | 50 | 28 | 30 | 25 |
| 9. | Sharp Container 5 Ltr. | 01 | 450 | 500 | 400 |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/10-09-2024) മറുപടി ലഭ്യമാക്കിയില്ല. മേൽകാരണത്താൽ 1,15,878/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ക്വട്ടേഷൻ അംഗീകരിച്ചതിൽ അപാകതകൾ

പ്രോജക്റ്റ് നം. S0094/24

അടങ്കൽ 20,00,000/- (മെയിന്ററനൻസ് ഫണ്ട് റോഡിതരം)

ചെലവ് 19,86,369/- (ബിൽ നം. 06/03-02-2024 തുക 44369/-രൂപ)

നിർവ്വഹണം ഹെഡ്മിസ്ട്രസ്സ്, ജിയുപിഎസ്.

ഹെഡ്മിസ്ട്രസ്സ്, ജിയുപിഎസ്. നിർവ്വഹണം നടത്തിയ സ്ക്കൂളുകൾക്ക് ഫർണീച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന ഈ പദ്ധതിയിൽപ്പെടുത്തി തമ്പകച്ചുവട് ഗവ യുപിഎസ്-ൽ സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ എന്ന പ്രവൃത്തി നടത്തുന്നതിനായി 44,369/- രൂപ 2023-24 വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ പങ്കെടുത്ത

നാലു പേർ കവട്ടേഷനിൽ രേഖപ്പെടുത്തിയിരുന്ന തുകയും, ടാബുലേറ്റ് ചെയ്ത തുകയും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ.

| കവട്ടേഷൻ സമർപ്പിച്ചവരുടെ പേരു വിവരം | സമർപ്പിച്ച കവട്ടേഷനിലെ തുക | ടാബുലേറ്റ് ചെയ്ത തുക |
|---|---|---|
| വി വി ഇലക്ട്രിക്കൽസ് | 43,960/- | 36,110/- |
| ഇലക്ട്രോ ഇലക്ട്രിക്കൽസ് | 29,570/- | 38,270/- |
| തേർഡ് ഐ ഇലക്ട്രിക്കൽസ് | 45,623/- | 45,623/- |
| എസ്സ് ബി ഇലക്ട്രിക്കൽസ് | 30,550/- | 38,950/- |

കവട്ടേഷൻ ക്ഷണിച്ചപ്പോൾ ആവശ്യമായ സാധനങ്ങളുടെ സ്പെസിഫിക്കേഷനും മറ്റും നൽകിയതായി കാണുന്നില്ല. കവട്ടേഷൻ ക്ഷണിച്ചപ്പോൾ ജി.എസ്.ടി അടക്കമുള്ള തുക കാട്ട് ചെയ്യാൻ നിർദ്ദേശിച്ചിരുന്നില്ല എങ്കിലും, തേർഡ് ഐ ഇലക്ട്രിക്കൽസ് മാത്രമാണ് ജി.എസ്.ടി അടക്കമുള്ള തുക കാട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തി ചെയ്ത വി വി ഇലക്ട്രിക്കൽസിന് പ്രവൃത്തി കഴിഞ്ഞപ്പോൾ നൽകിയ തുക കോട്ട് ചെയ്ത തുകയിലും 8259/- രൂപ (44369-36110) കൂടുതലാണ്.

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/10-09-2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കവട്ടേഷനിൽ പറഞ്ഞതിലും കൂടുതൽ സാധനങ്ങൾ ഉപയോഗിച്ചതിനാലാണ് കൂടുതൽ തുക കൊടുക്കേണ്ടി വന്നതെന്നും, ജി.എസ്.ടി യുടെ കാര്യം ശ്രദ്ധയിൽപ്പെട്ടില്ല എന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ആവശ്യമുള്ള സാധനങ്ങളുടെ കൃത്യമായ എണ്ണം, അളവ് സ്പെസിഫിക്കേഷൻ എന്നിവ പറയാതെ കവട്ടേഷൻ ക്ഷണിച്ചത് മൂലമുള്ള അപാകതകളാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ചെലവ് തുക 44,369/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 എസ് സി വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃലിസ്റ്റ് ഇല്ല

പ്രോജക്റ്റ് നം. S0077/24

അടങ്കൽ 3,00,000/- (വികസന ഫണ്ട്(എസ് സി പി))

ചെലവ് 3,00,000/- (ക്യു ബിൽ)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതി ഫയലിനൊപ്പം ഒരു ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലിസ്റ്റിന് 2023-24 വർഷം ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. തന്നെയുമല്ല, പ്രസ്തുത ലിസ്റ്റ് ഭരണസമിതി അംഗീകരിക്കുകയോ, തുടർന്ന് ഗ്രാമസഭയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ഗ്രാമസഭയോ, ഭരണസമിതിയോ അംഗീകാരം നൽകിയിട്ടില്ലാത്ത 14 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ പദ്ധതിയിൽപ്പെടുത്തി 2023-24 സാമ്പത്തിക വർഷം ആനുകൂല്യം നൽകിയിട്ടുള്ളത്.

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/10-09-2024) മറുപടി ലഭ്യമാക്കിയില്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതും, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതും അധികാര വികേന്ദ്രീകരണം എന്ന ആശയത്തിന് തന്നെ വിരുദ്ധമായതും അംഗീകരിക്കാൻ കഴിയാത്തതുമാണ്. മേൽ വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ -അവലോകനം

ഹരിത കർമ്മ സേനയുടെ ലക്ഷ്യം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

<u>ഹരിത കർമ്മ സേനയുടെ പ്രവർത്തനം</u>

2018 ജനുവരി മാസമാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലും രണ്ട് വീതം ഹരിത കർമ്മ സേനാംഗങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. നിലവിൽ 48 പേരാണുള്ളത്. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും 50/- രൂപ നിരക്കിലും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ നിരക്കിലും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ഇതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ, ആരോഗ്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

<u>സാമൂഹ്യ ബോധവത്ക്കരണം</u>

മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തും ഹരിതകർമ്മസേനയും ചേർന്ന് വാർഡ്തല യോഗങ്ങൾ നടത്തിയിരുന്നു മാലിന്യ സംസ്ക്കരണ ഉപാധികളെപ്പറ്റി നോട്ടീസ്, ലഘുലേഖകൾ എന്നിവ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

<u>പരിശീലനം</u>

ഗ്രാമ പഞ്ചായത്തും ഐ.ആർ.ടി.സിയും ചേർന്ന് ഹരിത കർമ്മ സേനയ്ക്ക് കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിവരുന്നു. രൂപീകരണ സമയത്ത് പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയ്ൻ, ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നതിനുള്ള പരിശീലനം എന്നിവ നൽകിയിരുന്നു. പിന്നീട് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ ട്രെയിനിംഗും ലഭിച്ചിരുന്നു.

<u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലായി ആകെ 14086 വീടുകളും 857 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം സ്ഥിരമായി അടഞ്ഞു കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴികെ ഏകദേശം 10752 വീടുകളും 703 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. ഓരോ മാസവും ഏകദേശം 4.5 ടൺ മുതൽ 5 ടൺ വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽ വച്ച് തന്നെ വേർതിരിച്ച് എം സി എഫിൽ എത്തിച്ച് ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്നുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച്

ക്ലീൻ കേരള കമ്പനി, പ്ലാനറ്റ് എർത്ത് ഇക്കോ സൊല്യൂഷൻ എന്നീ കമ്പനികൾയ്ക്ക് നൽകുന്നതിലൂടെ ഓരോ മാസവും ശരാശരി 15000 /-രൂപയുടെ വരുമാനം ലഭിക്കുന്നു.

## മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യം

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ ട്രോളികൾ ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് മുഖേന നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ വാർഡുകളിലും രണ്ട് മിനി എം.സി.എഫുകൾ വീതവുമുണ്ട്. ആകെ 46 എണ്ണം. മിനി എം.സി.എഫുകളിൽ ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്ന പ്രധാന എം.സി.എഫ് ഒരെണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്, മറ്റൊരെണ്ണം ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലും. ഓരോ വാർഡിൽ നിന്നും ശേഖരിക്കുന്ന മാലിന്യം പ്രധാന എം.സി.എഫ് കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനായി ഗ്രാമ പഞ്ചായത്തിന് സ്വന്തമായി രണ്ട് വാഹനം ഉണ്ട്.

## മെറ്റീരിയൽ കളക്ഷൻ

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 5 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് രണ്ട് പ്രധാന എം.സി.എഫ് ഉണ്ട്. ഇവിടെ ബെയിലിംഗ്, ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യം അതേപടി സൂക്ഷിക്കുന്നതിനുള്ള സൗകര്യം മാത്രമാണുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12/08/2020 ലെ സ.ഉ (സാധാ) നം.1496/2020/ ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന എം.സി.എഫ് ഏകദേശം 1500 ച.അടി വിസ്തീർണ്ണം ഉണ്ട്. 500 ച.അടി കൂടി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ടോയ്ലെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.

## കൺസോർഷ്യത്തിന്റെ പ്രവർത്തനം

പഞ്ചായത്തിലെ 48 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഹരിത കർമ്മ സേന അംഗങ്ങളായ ശ്രീമതി മിനിമോൾ, ശ്രീമതി ബിന്ദു മഹേഷ്, എന്നിവരാണ് കൺസോർഷ്യത്തിന്റെ നിലവിലെ പ്രസിഡന്റും സെക്രട്ടറിയും. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 13000/- രൂപ വേതനം ലഭിക്കുന്നു. കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരുപ്പ് 742291/- രൂപയാണ്. ടി തുകയിൽ നിന്നും അംഗങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസ്, താല്ക്കാലിക വായ്പ, ചികിത്സാ സഹായം എന്നിവ നൽകി വരുന്നു.

## കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ

അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി സംരംഭക യൂണീറ്റുകൾ ഒന്നും തന്നെ കൺസോർഷ്യത്തിന്റെ കീഴിൽ നിലവിൽ ആരംഭിച്ചിട്ടില്ല. കാറ്ററിംഗ്

ആവശ്യങ്ങൾക്കുള്ള പ്ലേറ്റ്/ഗ്ലാസ്സ് തുടങ്ങിയവ വാടകയ്ക്ക് നൽകൽ നൽകുന്ന പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നറിയിച്ചു.

ഓഡിറ്റിന്റെ നിഗമനം / ശുപാർശ

(എ)കൺസോർഷ്യത്തിന്റെ കീഴിൽ ക്യാരിബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഗാർഹിക ബയോബിൻ വിതരണം കാര്യക്ഷമമായി നടക്കുന്ന സാഹചര്യത്തിൽ, കൺസോർഷ്യം മുഖേന ഇനോക്കുലം വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ഡി) ആരോഗ്യ – പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി പുനരുപയോഗയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉപയോഗം കുറക്കേണ്ടതും പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാവുന്നതുമാണ്.

ഇ) മാലിന്യരഹിത കേരളം എന്ന ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിനാകും വിധം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 റോഡ് കട്ടിംഗ് ചാർജ്ജ് - സെക്യൂരിറ്റി നിക്ഷേപം, സൂപ്പർവിഷൻ ചാർജ്ജ് എന്നിവ ഈടാക്കിയതിൽ കുറവ് സംഭവിച്ചു

പൂഞ്ഞിക്കാട് ദേശാഭിമാനി റോഡിൽ 900 മീറ്റർ നീളത്തിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് AG&P City Gas Pvt Ltdന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് ജി.ഒ (ആർ.ടി)1844/2020/LSGD/തീയതി 07-10-2020 പ്രകാരം റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കേണ്ടത് റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കി ആയതിന്റെ 10% സെക്യൂരിറ്റി നിക്ഷേപമായും 2.5% സൂപ്പർവിഷൻ ചാർജ്ജായുമാണ്. മേൽ ഉത്തരവ് പ്രകാരം കണക്കാക്കിയ റോഡ് കട്ടിംഗ് ചാർജ്ജിന്റെയും സെക്യൂരിറ്റി നിക്ഷേപത്തിലും സൂപ്പർവിഷൻ ചാർജ്ജിലും കുറവ് വന്നതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| റോഡ് കട്ടിംഗ് ചാർജ്ജ് | 900 X3.50 = 3150 $M^2$<br>3150 @ 3179.04 /$M^2$ = 10013976/- |
| ഈടാക്കേണ്ട സെക്യൂരിറ്റി നിക്ഷേപം -10% | 1001397 |
| ഹാജരാക്കിയ ബാങ്ക് ഗ്യാരന്റി പ്രകാരം വരുന്ന തുക<br>(072112BG 0000108) | 429170 |
| കുറവു വന്ന ബാങ്ക് ഗ്യാരന്റി | 572227 |
| ഈടാക്കേണ്ട സൂപ്പർവിഷൻ ചാർജ്ജ് -2.5% | 250349 |
| ഈടാക്കിയത് (രസീത് നം 1232201446/12-10-23) | 107293 |
| കുറവു വന്ന സൂപ്പർവിഷൻ ചാർജ്ജ് | 143056 |

കുറവു വന്ന തുക ഒടുക്കുവാൻ സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും (12-09-24) തുക ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം. 25/11-09-24) മറുപടി നൽകിയിട്ടില്ല. കുറവു വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 2-2 റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയില്ല നഷ്ടം 3349245/-

താഴെപ്പറയുന്ന റോഡുകളിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് AG&P City Gas Pvt Ltdന് അനുമതി നൽകിയത് പ്രകാരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുകയും റെസ്റ്റോറേഷൻ നടത്താത്ത അവസ്ഥയിലുമായിരുന്നു. ഈ റോഡുകൾ ടാറിംഗ് ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുള്ളതിനാൽ റെസ്റ്റോറേഷൻ ഗ്യാസ് ഏജൻസിയെക്കൊണ്ട് ചെയ്യിക്കാതെ റെസ്റ്റോറേഷൻ തുക ഈടാക്കാൻ ആവശ്യപ്പെടുന്നതിന് 29-02-24 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു (തീരുമാനം നമ്പർ 1(9)1 തീയതി 29-02-24 )

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയ നീളം | റെസ്റ്റോറേഷൻ നടത്തുന്ന നീളം | ഈടാക്കേണ്ട റെസ്റ്റോറേഷൻ തുക |
|---|---|---|---|---|
| 1 | വെളുത്തേടത്ത് റോഡ് | 231.30 | 150 | 150 X 1 $M^2$ @ 3880.91 = 582137/- |
| 2 | കുഴിപ്പോട് - NH66 | 150 അനുമതിയില്ലാതെ ചെയ്തത് - 300 | 428 | 428 X 1 $M^2$ @ 3880.91 = 1661029/- |
| | | | | |

| | | | | |
|---|---|---|---|---|
| 3 | ITC – മന്നത്ത് റോഡ് | 75 | 75 | 75 X 1 $M^2$ @ 3880.91 = 291068/- |
| 4 | NSS കരയോഗം -പേഴാവള്ളി റോഡ് | അനുമതിയില്ലാതെ ചെയ്തത് - 210 | 210 | 210 X 1 $M^2$ @ 3880.91 = 814991/- |
| | ആകെ | | | 3349245 |

(റെസ്റ്റോറേഷൻ വീതി മിനിമം - 1 മീറ്റർ)

ടി തുക ഒടുക്കുന്നതിന് സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും (12-09-24) തുക ഒടുക്കിയിട്ടില്ല. തുക ഒടുക്കിയിട്ടില്ലെങ്കിൽ ബാങ്ക് ഗ്യാരണ്ടിയിൽ നിന്നും ഈടാക്കുന്നതിന് മേൽതീരുമാനത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയതും നടപ്പിലാക്കിയിട്ടില്ല. ITC – മന്നത്ത് റോഡ്, NSS കരയോഗം പേഴാവള്ളി റോഡ് എന്നീ റോഡുകൾ റീടാറിംഗ് നടത്തിയതിന് 2024-25 വർഷം ഓഡിറ്റ് തീയതി വരെ യഥാക്രമം 265675/-ഉം 512824/-രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. കുഴിപ്പോട് - NH66 റോഡ് റീടാറിംഗിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ചെലവു വന്നിട്ടില്ല. വെളുത്തേടത്ത് റോഡ് 271/24-ാം നമ്പറായി പ്രോജക്ട് ഏറ്റെടുത്തിരുന്നെങ്കിലും പിന്നീട് ഉപേക്ഷിച്ചതായി അറിയിച്ചിട്ടുണ്ട്.

അതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച റെസ്റ്റോറേഷൻ ചാർജ്ജായ 3349245/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/11-09-14) മറുപടി നൽകിയിട്ടില്ല. കുറവു വന്ന തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലീവ് ട്രാവൽ കൺസെഷൻ അധികം തുക നൽകി

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷെയ്ക്ക് ബിജു.സി.എസ്-ന് ലീവ് ട്രാവൽ കൺസെഷൻ ആയി 102400/- രൂപ അനുവദിച്ചിട്ടുണ്ട്.

വൌച്ചർ നം. 22300108/20.04.2023 – 50000/-രൂപ (അഡ്വാൻസ്)
വൌച്ചർ നം. 22300421 /04.07.2023 – 52400/- രൂപ

ഐ.എൽ.ജി.എം.എസ്, ഫയലുകൾ മുഖാന്തിരം മേൽപ്പറഞ്ഞ അപേക്ഷ, വൌച്ചറുകൾ എന്നിവ പരിശോധിച്ചതിൽ അദ്ദേഹം ഭാര്യയും മൂന്ന് മക്കളും അടക്കം (ആകെ അഞ്ച് പേർ) പോകുന്നതായാണ് കാണിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 20.04.2023 ലെ ഉത്തരവ് നം. DDP-ALP/1272/2023-E2 ഉത്തരവിൽ 25.04.2023 മുതൽ 12.05.2023 വരെയുള്ള ദിവസങ്ങളിൽ ലീവും യാത്രാനുമതിയും അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. ഹോം ടൌൺ ആയി തെരഞ്ഞെടുത്തിരിക്കുന്നത് ആലപ്പുഴയാണ്. 25.04.23 മുതൽ 3.05.2023 വരെയുള്ള യാത്രക്ക് ശേഷം ക്ലയിം സെറ്റിൽ ചെയ്യാനായി ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് അപേക്ഷിക്കുകയും ഇത് 23.05.2023 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു (തീരുമാനം 24(2)). കമ്മറ്റി നിയമാനുസൃത യാത്രാപ്പടി അനുവദിക്കാനാണ് തീരുമാനിച്ചത്. എന്നാൽ തീരുമാനത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് ആകെ 115215/- രൂപയാണ് ക്ലയിം കാണിച്ചിരിക്കുന്നത് വിമാന യാത്രാ നടത്തിയ ടിക്കറ്റ് കാണിച്ചാണ് ക്ലെയിമിന് അപേക്ഷിച്ചിട്ടുള്ളത് വാസഗൃഹം, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട് എന്നിവിടങ്ങളിലേക്കുള്ള ഓട്ടോ, ടാക്സി ചാർജ്ജുകൾ എന്നിവ ഉൾപ്പേടെയാണ് ആകെ 115215/- രൂപയുടെ ക്ലയിം കാണിച്ചിരിക്കുന്നത് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 13.06.2023 ലെ ഉത്തരവ് നം LSGD/JD/ALP/140/2023/A1 ഉത്തരവിൽ നിയമാനുസൃതം അനുവദിക്കേണ്ട യാത്രാപടിയിൽ

നിന്നും അഡ്വാൻസ് തുക കിഴിച്ച് ബാക്കി തുക (തുക രേഖപ്പെടുത്തിയിട്ടില്ല) നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. 50000/-രൂപ മുൻകൂർ കിഴിച്ച് 52400/- രൂപ വൌച്ചർ നം 22300421 വഴി 05.07.2023 ൽ കൈപ്പറ്റി. ക്ലെയിം ചെയ്യത്, അനുവദിച്ചത്, അനുവദിക്കാവുന്നത് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷിച്ച ക്ലെയിം | അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|---|---|
| 1 | കൊച്ചി എയർപ്പോർട്ട് വരെയുള്ള ടാക്സി ഫെയർ (3000/-) | ആലപ്പുഴയിൽ നിന്നും കൊച്ചി എയർപ്പോർട്ട് വരെയുള്ള ടാക്സി ഫെയർ(2590/-) | - |
| 2 | കൊച്ചിയിൽ നിന്നും ജെയ്പൂർ വരെ വിമാന യാത്ര(36160/-) | II AC രാജധാനി എറണാകുളം മുതൽ ഡെൽഹി വരെ യാത്ര(37150/-) | *19875/- |
| 3 | ടാക്സിയിൽ ഡെൽഹി, അമൃത്സർ, ചണ്ഡിഗഢ് കൂടാതെ പല ഡെസ്റ്റിനേഷനുകളിലേക്കും ടാക്സി മുഖാന്തിരം യാത്ര ചെയ്യതിന്റെ (31250/-) | ടാക്സിയിൽ ഡെൽഹി, അമൃത്സർ, ചണ്ഡിഗഢ് കൂടാതെ പല ഡെസ്റ്റിനേഷനുകളിലേക്കും ടാക്സി മുഖാന്തിരം യാത്ര ചെയ്യതിന്റെ (23425/-) | - |
| 4 | ചണ്ഡിഗഢിൽ നിന്നും വിമാന മാർഗ്ഗം കൊച്ചി(41805/-) | II AC രാജധാനി ചണ്ഡിഗഢിൽ നിന്നും ഡെൽഹി, എറണാകുളം (36675/-) | *19875/- |

| | | | |
|---|---|---|---|
| 5 | കൊച്ചിയിൽ നിന്നും ആലപ്പുഴ ടാക്സി മാർഗ്ഗം(3000/-) | കൊച്ചിയിൽ നിന്നും ആലപ്പുഴ ടാക്സി മാർഗ്ഗം(2590/-) | - |
| | ആകെ ക്ലെയിം - 115215 | ആകെ അനുവദിച്ചത്- 102400/- | ആകെ അനുവദിക്കാവുന്നത് - 39750/- |

ഫയൽപരിശോധിച്ചതിൽ എൽ.റ്റി.സി അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ശ്രീ. ഷെയ്ക്ക് ബിജു.സി.എസ് സമർപ്പിച്ച എൽ.റ്റി.സി അപേക്ഷയിൽ ഡെസ്റ്റിനേഷൻ കാണിച്ചിരിക്കുന്നത് താഴെപ്പറയുന്നു.

Place Of Visit And Destination From Home Town- Jaipur-Agra-Delhi-Amritsar- Chandigarh, 6200 Km.

പല ഡെസ്റ്റിനേഷനുകളിലേക്കുള്ള L.T.C Claim അനുവദനീയമല്ല എന്ന് 02.02.2019 ലെ 10/2019/Fin നം. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൃത്യമായ ഡെസ്റ്റിനേഷൻ കാണിച്ചിട്ടില്ല.

2) ജയ്പ്പൂരിലേക്കുള്ള വിമാനയാത്രയ്ക്ക് പകരം II AC രാജധാനി എറണാകുളം മുതൽ ഡെൽഹി വരെ യാത്രയ്ക്കുള്ള നിരക്ക് (37150/-) അനുവദിച്ചതിലുള്ള അപാകതകൾ- 02.02.2029 ലെ സർക്കുലർ 10/2019/ധന വകുപ്പ് അനുസരിച്ച് ഒരു ഡെസ്റ്റിനേഷനിലേക്കുള്ള ഷോർട്ടസ്റ്റ് ഡയറക്ട് റൂട്ട് ആണ് ക്ലെയിമിൽ അനുവദിക്കാവുന്നത്. ജയ്പ്പൂരിലേക്കുള്ള യാത്രയ്ക്ക് രാജധാനിയുടെ നിരക്കാണ് അനുവദിച്ചിരിക്കുന്നത്, ജെയ്പ്പൂരിലേക്ക് നേരിട്ട് മരുസാഗർ എക്സ്പ്രെസ് (12977-മരുസാഗർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രെസ്) ഉണ്ടെന്നിരിക്കെ രാജധാനിയുടെ നിരക്ക് അനുവദിച്ചു, പ്രസ്തുത യാത്രയ്ക്ക് ആവശ്യപ്പെട്ട ക്ലെയ്മിൽ അധികരിച്ച് തുക നൽകി, സർക്കാർ ഉത്തരവ് (അച്ചടി) 5/2013/ധന തീയതി 02-01-2013 പ്രകാരം KSR പാർട്ട്II അനുസരിച്ച് ടൂർ ടി.എ യ്ക്ക അർഹമായ ക്ലാസാണ് അനുവദിക്കാവുന്നത്. കൂടാതെ 25.10.2005 ലെ 60/2005/ധന (കേരള ഹൌസ് ജീവനക്കാർ)

സർക്കുലർ പ്രകാരം എൽ.റ്റി.സി ക്ലെയിമിന് രാജധാനി അനുവദനീയമല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 31011/8/2017- Estt-A-IV തീയതി 19-09-2017 പ്രകാരവും നടത്തിയ വിമാനയാത്രയ്ക്ക് പകരം രാജധാനി എക്സ്പ്രസ് നിരക്ക് അനുവദനീയമല്ല. ( The Dynamic Fare Component Shall Not Be Admissible In Cases Where A Non -Entittled Govt Servant Travels By Air And Claim Reimbursement For The Entitlled Class Of Rajadhani Train).

3)* ഈ യാത്രയിലെ ഏറ്റവും കൂടിയ ദൂരമായ അമൃത്സർ ഡെസ്റ്റിനേഷനായി തെരഞ്ഞെടുത്താലും, ആലപ്പുഴ മുതൽ അമൃത്സർ വരെ II AC ട്രയിൻ ഫെയറിനാണ് എൽ.റ്റി.സി വഴി പരമാവധി അർഹത ലഭിക്കുക. ആലപ്പുഴ – അമൃത്സർ ട്രയിൻ ഫെയർ AC Two Tier ൽ 3975/- രൂപയാണ് (12483 കൊച്ചുവേളി-അമൃത്സർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രെസ്) അതായത് അഞ്ച് പേർക്കുമായി ഇരുവശത്തേക്കും അനുവദനീയമായ തുക 39750/- രൂപയാണ് വരുക (3975x5x2).

4)എൽ.റ്റി.സിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന സ.ഉ.(അ)5/2013ധന. തീയതി 02.01.2013 ഖ.8 പ്രകാരം ഹോം ടൌൺ മുതൽ ഒരു സ്ഥലം (ഡസ്റ്റിനേഷൻ) വരെയുള്ള ഇരു ദിശകളിലേക്കുമുള്ള യാത്രാക്കൂലിക്ക് മാത്രമാണ് അർഹത എന്നിരിക്കെ ഡസ്റ്റിനേഷനിൽ തങ്ങി വിവിധ സ്ഥലങ്ങൾ കാണുന്നതിനുള്ള ടാക്സി ചാർജ്ജുകളും, 02.02.2029 ലെ സർക്കുലർ 10/2019/ധന എന്നിവ പ്രകാരം വാസഗൃഹം മുതൽ റെയിൽവേ സ്റ്റേഷൻ എയർപോർട്ടിലേക്കുള്ള ഓട്ടോ, ടാക്സി ചാർജ്ജുകളും എൽ.റ്റി.സി വഴി തിരികെ ലഭിക്കില്ല എന്നാൽ ടി തുകകളും അനുവദിച്ചിട്ടുണ്ട്.

5) ആകെ 39750/- രൂപ ലീവ് ട്രാവൽ കൺസെഷൻ റീഫണ്ട് ലഭിക്കുന്നതിന് അർഹതയുള്ള സ്ഥാനത്ത് 102400/-(50000+52400) രൂപ കൈപ്പറ്റുകവഴി 62650/- രൂപ അധികമായി നൽകി.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.**13/10.09.2024**) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 62,650/- രൂപ ആയത് കൈപ്പറ്റിയ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം - ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0218/23 |
| കരാറുകാരൻ | ഷാഹുൽ ഹമീദ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവു പുസ്തകം | E Mbook - 94562/2022 |
| ചെലവു വിവരം | ബിൽ നം. 253/30-11-23 രൂപ 879084/- |
| കരാർ നമ്പർ | 38/AE/LID&EW/MGP/2022-23/ തീയതി 04-02-23 |
| സൈറ്റ് കൈമാറിയ തീയതി | 04-02-23 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 03-08-23 |
| പൂർത്തീകരിച്ച തീയതി | 01-02-24 |

കലവൂർ LPS ഓഡിറ്റോറിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമാണ്. മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ മതിയെന്ന PTA കമ്മിറ്റിയുടെ

തീരുമാനത്തിന്റെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെയും അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് 2 തവണയായി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് പിഴയില്ലാതെ 6 മാസമാണ്.

ടി പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് 04-02-23 നാണ്. മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ മതിയെന്ന PTA കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി 01-04-23 മുതൽ ആരംഭിക്കാവുന്നതാണ്. PTA കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന കാലതാമസം 55 ദിവസം മാത്രമാണ്. കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്. കരാർ വ്യവസ്ഥ അനുസരിച്ച് കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എഗ്രിമെന്റ് അതോറിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി സമയം ഒറിജിനൽ സമയത്തിന്റെ പകുതിമാത്രമാണ്. ഈ പ്രവൃത്തിയുടെ ഒറിജിനൽ സമയം 6 മാസമായതിനാൽ ദീർഘിപ്പിച്ചു നൽകാവുന്നത് 3 മാസം കൂടിയാണ്. ഇതനുസരിച്ച് വരുന്ന പിഴയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| എക്സ്റ്റെൻഷൻ | കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത് | കാരണം | ചുമത്തേണ്ട ഫൈൻ |
|---|---|---|---|
| 1 | 28-09-23വരെ (55ദിവസം) | മധ്യവേനൽ അവധിക്ക് നിർമ്മാണം തുടങ്ങിയാൽ | ഇല്ല |

| | | | |
|---|---|---|---|
| | | മതിയെന്ന PTA കമ്മിറ്റിയുടെ തീരുമാനം | |
| 2 | 12-11-23 വരെ (25% ഗ്രേസ് പിരീഡ് -45 ദിവസം) | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാലതാമസം | ഇല്ല |
| 3 | 26-12-23വരെ (ആദ്യ തവണ-25% 45ദിവസം) | കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച | ലികിഡേറ്റഡ് ഡാമേജ് 0.1%/ ആഴ്ച |
| 4 | പൂർത്തീകരിച്ച തീയതിയായ 01-02-24വരെ (37 ദിവസം) | - ടി- | ലികിഡേറ്റഡ് ഡാമേജ് 0.1%/ ആഴ്ച |

ഈടാക്കേണ്ടുന്ന ഫൈനിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എഗ്രീഡ് PAC | 2213398 |
| ഈടാക്കേണ്ടുന്ന ഫൈൻ (82 ദിവസം = 11 ആഴ്ച) | 2213398 @1.1% = 24347 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകായറിക്ക് (നം. 7/09-09-24) ഒരു പ്രവൃത്തിക്ക് സമയം ദീർഘിപ്പിച്ചു നൽകുന്നത് അതാത് സമയങ്ങളിലുള്ള ഉത്തരവ് പ്രകാരമാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം സമയം ദീർഘിപ്പിച്ചു നൽകിയതിന് മേൽപ്പറഞ്ഞതു പ്രകാരം പിഴ ഈടാക്കേണ്ടതാണ്. ടി തുക

കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 സ്ലാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള വോയിഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് അധികച്ചെലവിനിടയാക്കി

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന പ്രവൃത്തിയിൽ കപാറിമക്ക്, ഗുഡ് എർത്ത് എന്നിവ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് തുക അനുവദിച്ചപ്പോൾ സ്ലാക്ക് അളവിൽ നിന്നും CPWD സ്പെസിഫിക്കേഷൻ 1.27.1.1, 1.27.2.5 ഇവ പ്രകാരം വോയിഡ്സിനത്തിൽ ക്വാണ്ടിറ്റിയിൽ കുറവു ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. കപാറിമക്കിന് 15% വും ഗുഡ് എർത്തിന് 20% വുമാണ് വോയിഡ്സിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി/ കരാറുകാരൻ | സ്ലാക്ക് അളവ് | അനുവദിച്ച അളവ് | അനുവദിക്കാവുന്ന അളവ് | അധികം | ചെലവു തീയതി |
|---|---|---|---|---|---|---|
| 1 | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് സിയാദ് മേത്തർ | കപാറിമക്ക് - 54.83 $M^3$ ഗുഡ് എർത്ത് -69$m^3$ | കപാറിമക്ക് - 54.79 $M^3$ ഗുഡ് എർത്ത് -62.127$m^3$ | കപാറിമക്ക് - 46.61 $M^3$ ഗുഡ് എർത്ത് -55.2$m^3$ | കപാറിമക്ക്- 8.18 $M^3$ @1300 = 10634/- ഗുഡ് എർത്ത് - 6.927$m^3$ @1121 =7765 | 02-04-23 |
| 2 | നമ്പ്യാനവെളി നടപ്പാത ടൈലിംഗ് | ഗുഡ് എർത്ത് -35.13 $M^3$ | 31.6610 $M^3$ | 28.104$m^3$ | 3.557$m^3$ @1121 = 3987 | 22-06-23 |

| | | | | | | |
|---|---|---|---|---|---|---|
| | സിയാദ് മേത്തർ | | | | | |
| 3 | പുത്തൻ പുരയ്ക്കൽ റോഡ് ടൈലിംഗ് സിയാദ് മേത്തർ | ഗുഡ് എർത്ത്-38.71 $M^3$ | 33.638 $M^3$ | 30.97 $M^3$ | 2.668 $M^3$ @ 1180 = 3148 | 16-04-23 |
| 4 | ബണ്ട് സെന്റ് ജോസഫ്സ് ചർച്ച് ഫുട്ടാത്ത് ടൈലിംഗ് അനസ് നൈന | ഗുഡ് എർത്ത് -28.35 $M^3$ | 25.343 $M^3$ | 22.68 $M^3$ | 2.663 @1121 = 2985 | 07-11-23 |
| 5 | പോപ്പിപാലം പാണംതയ്യിൽ റോഡ് ടൈലിംഗ് റോബിച്ചൻ | ഗുഡ് എർത്ത് - 28.21 $M^3$ | 25.48 $M^3$ | 22.568$m^3$ | 2.912 $M^3$ @1180 = 3436 | 10-04-23 |
| 6 | കച്ചേരിവെളി തെക്കേ നടക്കാവ് | ഗുഡ് എർത്ത് -20.723 $M^3$ | 18.65 $M^3$ | 16.578 $M^3$ | 2.082 $M^3$ @ 1180 = 2457 | 07-01-24 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് ടൈലിംഗ് സിയാദ് മേത്തർ | | | | | |
| | ആകെ | | | | 34412 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം. 18/10-09-24) മറുപടി നൽകിയില്ല അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## <u>3-4 പ്രവൃത്തിക്ക് ആവശ്യമായതിലും അധികം സ്റ്റോൺ അഗ്രിഗേറ്റിന് വില നൽകി</u>

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് |
| കരാറുകാരൻ | സിയാദ് മേത്തർ |
| അളവു പുസ്തകം | 294/22-23 |
| ചെലവു വിവരം | FTO തീയതി 02-04-23 രൂപ 342017/- |

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിയിൽ 167.70മീറ്റർ നീലത്തിൽ 3 മീറ്റർ വീതിയിൽ 0.075 മീറ്റർ കനത്തിലാണ് മെറ്റലിംഗ് നടത്തിയിരിക്കുന്നത്. ഇത് ചെയ്യുന്നതിന് ആവശ്യമായ 63mm – 45mm അഗ്രിഗേറ്റിന്റെ വിവരം ചുവടെ കൊടുക്കുന്നു.

സപ്ലൈയിംഗ് & സ്റ്റാക്കിംഗ് 63mm – 45mm സ്റ്റോൺ അഗ്രിഗേറ്റ് എന്ന ഇനത്തിന് എസ്റ്റിമേറ്റ് പ്രകാരം വരുന്ന അളവ് -167.70 X 3 X 0.0935 = 47.04 $M^3$

ഇതിനാവശ്യമായ 80mm, 63mm, 50mm സ്റ്റോൺ അഗ്രിഗേറ്റിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ആവശ്യമായ അളവ് | അനുവദിച്ച അളവ് | അധികം ചെലവഴിച്ച തുക |
|---|---|---|---|
| 80mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @0.1 = 4.704 $M^3$ | 5.075 $M^3$ | 0.371 $M^3$ @2625 = 974 |
| 63mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @0.65 = 30.576 $M^3$ | 32.9712 $M^3$ | 2.3952 $M^3$@ 2677.50 =6413 |
| 50mm സ്റ്റോൺ അഗ്രിഗേറ്റ് | 47.04 @ 0.25 = 11.76 $M^3$ | 12.681 $M^3$ | 0.921 $M^3$ @ 2677.50 =2466 |
| അധികം നൽകിയ തുക | | | 9853 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/10-09-24) മറുപടി നൽകിയില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## <u>3-5 ജി.എസ്.ടി സ്രോതസിൽ നിന്നും കുറവു ചെയ്തില്ല</u>

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ത് പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്/16/ആർഇജിഎസ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്

പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളിൽ ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി. കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ടിയിരുന്ന GST (2%) | ചെലവു തീയതി |
|---|---|---|---|---|---|
| 1 | അത്തിക്കാട് ബണ്ട് റോഡ് മെറ്റലിംഗ് | സിയാദ് മേത്തർ | 342017 | 6840 | 02-04-23 |
| 2 | നമ്പ്യാനവെളി നടപ്പാത ടൈലിംഗ് | സിയാദ് മേത്തർ | 427460 | 8549 | 22-06-23 |
| 3 | പുത്തൻ പുരയ്ക്കൽ റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 413262 | 8265 | 16-04-23 |
| 4 | ബണ്ട് സെൻ്റ് ജോസഫ്സ് ചർച്ച് | അനസ് നൈന | 402792 | 8056 | 07-11-23 |

| | | | | | |
|---|---|---|---|---|---|
| | ഫുട്ടാത്ത് ടൈലിംഗ് | | | | |
| 5 | പോപ്പിപാലം പാണംതയ്യിൽ റോഡ് ടൈലിംഗ് | റോബിച്ചൻ | 458867 | 9177 | 10-04-23 |
| 6 | കച്ചേരിവെളി തെക്കേ നടക്കാവ് റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 390832 | 7816 | 07-01-24 |
| 7 | വെളിച്ചപ്പാട്ട് കുളങ്ങര റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 459708 | 9194 | 10-04-23 |
| 8 | തോപ്പിൽ ചീയാം വെളി റോഡ് ടൈലിംഗ് | സിയാദ് മേത്തർ | 402519 | 8050 | 02-04-23 |
| | ആകെ | | | 65947 | |

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/10-09-24) മറുപടി നൽകിയില്ല ശ്രോതസിൽ നിന്നും ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിക്കാതെ

പ്രോജക്റ്റ് നം.S0262/23-24

അടങ്കൽ 7,00,000/-

ചിലവ് 25,536/- (112016402059/27-03-24/9016/- രൂ., 001332062947/27-03-24 /16520/-രൂ.)

നിർവ്വഹണം മെഡിക്കൽ ഓഫീസർ, കലവൂർ പിഎച്ച്സി

കലവൂർ പിഎച്ച്സി, മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബാരോഗ്യ കേന്ദ്രത്തിലും, ഉപകേന്ദ്രത്തിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയിൽപ്പെടുത്തി മാതാ സർജിക്കൽസ്, ആലപ്പുഴയിൽ നിന്നും 25,536/- രൂപയുടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ വാങ്ങൽ നടത്തിയതായി കാണുന്നു. (HB Strip Action I 322 എണ്ണം. (322x28) 9016/- രൂ. HB Meter Peerless- 4 എണ്ണം (4130x4) 16520/- രൂപ ആകെ 25,536/- രൂപ) 15,000/- രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള എല്ലാ വാങ്ങലുകളും ക്വട്ടേഷൻ മുഖേന വേണം നടത്തേണ്ടത്. (സ്റ്റോർ പർച്ചേസ് മാനുവൽ (ഖ 7.6, 7.31). എന്നാൽ ഇവിടെ വാങ്ങൽ നടത്തിയിട്ടുള്ളത് നിയമപരമായ രീതികളിലൂടെയല്ല.

തന്നെയുമല്ല, ഇതേ സാധനങ്ങൾ, ഇതേ ഏജൻസിയിൽ നിന്നും മണ്ണഞ്ചേരി പിഎച്ച്സിയിലേയ്ക്ക് വാങ്ങിയിരിക്കുന്നത് യഥാക്രമം 25/- രൂപയ്ക്കും, 3500/- രൂപയ്ക്കുമാണ്. അവിടെ ക്വട്ടേഷൻ വിളിച്ചാണ് വാങ്ങിയിട്ടുള്ളത്. ആയത് പ്രകാരം 3486/- രൂപയുടെ നഷ്ടം ഈ വാങ്ങലിൽ സംഭവിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിനു കീഴിലുള്ള രണ്ട് ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് ഒരേ തരത്തിലുള്ള സാധനങ്ങൾ ഒരേ സ്ഥാപനത്തിൽ നിന്ന് പല വിലയ്ക്ക് വാങ്ങുന്നത് വാങ്ങലുകളിലുള്ള ഏകോപനമില്ലായ്മയും ആസൂത്രണത്തിലെ പിഴവുമാണ്.

വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/10-09-2024) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയായ 25,536/- രൂപയിൽ, നഷ്ടതുക

3486/- രൂപ നിരാകരിക്കുന്നു. 22,050/- തടസ്സപ്പെടുത്തുന്നു.

## 3-7 ആട് വളർത്തൽ പ്രോജക്ട് - യൂണിറ്റ് കോസ്റ്റിൽ അധികമായി തുക ചെലവഴിച്ചു

പ്രോജക്ട് നം.S0059/24

പ്രോജക്ടിന്റെ പേര് - ആട് വളർത്തൽ

നിർവ്വഹണം - വെറ്ററിനറി സർജൻ

വികസന ഫണ്ട് - 184000/-

ഗുണഭോക്തൃ വിഹിതം - 184000/-

ആകെ അടങ്കൽ -368000

ചെലവ് - 72000/-( വൗച്ചർ നം.22301878/21.03.24)

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലേയ്ക്ക് 46 ആടുകളെ വാങ്ങുന്നതിനായി ഒരു ആടിന് 8000/-രൂപ കണക്കാക്കി 4000/- സബ്സിഡിയും 4000/-ഗുണഭോക്തൃ വിഹിതവുമായി ഉൾപ്പെടുത്തിയാണ് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയായ ജില്ലാകളക്ടറുടെ 01.12.23 ലെ ഉത്തരവ് പ്രകാരം ആടിന്റെ യൂണിറ്റ് കോസ്റ്റ് (6 മുതൽ 8 മാസം വരെ - കുറഞ്ഞത് 12 കി.ഗ്രാം തൂക്കമുള്ളത്) നിരക്ക് 7000/- രൂപയാണ്. എന്നാൽ 15 കി.ഗ്രാം തൂക്കമുള്ള 18 ആടുകളെ വാങ്ങിയതിന് 8000/- രൂപ നിരക്കിൽ 144000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (തൻ വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ 72000/- രൂപയും 2024-25 ൽ സ്പിൽ ഓവറായി പ്രോജക്ട് നം.S0127/25 പ്രകാരം വികസന ഫണ്ട് 72000/- രൂപയുംനൽകിയിട്ടുണ്ട് (TRN240601000000008380/04.07.2024 ) . യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് പ്ലാൻ ഫണ്ടിൽ നിന്ന് പരമാവധി നൽകാവുന്ന തുക 3500/- മാത്രമാണ്. എന്നാൽ 4000/- രൂപ വീതമാണ് വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നത്. അധികമായി 9000/-രൂപ (18 X 500) ചെലവഴിച്ചതിന്

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/10.09.24) മറുപടി ലഭിച്ചില്ല. പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 9000/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 1140000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ)-6,7,8,9,10,11,16,17 | 1140000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 1100000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ)-1,2,3,4,5,18,19,20,21 | 1100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 170000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-6,7,8,9,10,11,16,17 | 170000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 200000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-12,13,14,15,22,23 | 20000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 240000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ)-12,13,14,15,22,23 | 240000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 500000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-1,2,3,4,5,18,19,20,21 | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 852990 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 852990 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2023-24 | 1000000 | ക്ലീൻ മണ്ണഞ്ചേരിഗ്രീൻമണ്ണഞ്ചേരി | 1000000 | |
| **ആകെ** | | 5702990 | | 5702990 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 138500 | അനുപൂരക പോഷകാഹാരം | 138500 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-12,13,14,15,22,23 | 200000 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 260000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-1,2,3,4,5,18,19,20,21 | 260000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 275000 | പാലിന് സബ്സിഡി | 275000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 284330 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 284330 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 440000 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(ജനറൽ)-1,2,3,4,5,18,19,20,21 | 440000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 621070 | ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി(എസ് സി പി)-6,7,8,9,10,11,16,17 | 621070 | 0 |
| **ആകെ** | | 2218900 | | 2218900 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 42201996/31/3/2023 | 1234902 | 0 | 1234902 |
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 42201998/31/3/2023 | 90484 | 0 | 90484 |
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 42201994/31/03/2023 | 52418 | 0 | 52418 |

| | | | | | |
|---|---|---|---|---|---|
| കെ ഡബ്ലിയു എ | പൊതു ടാപ്പുകൾ കട്ട് കട്ട് ചെയ്യൽ | 004279/19/12/23 | 423722 | 0 | 423722 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| Life Mission | | 7120000 | 64113272 | 7019147 | | 64214125 | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22,347,938 |
| തൻവർഷം നിക്ഷേപിച്ച തുക | 923594 |
| ആകെ | 23271532 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23271532 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ADCB Mannanchery(A/C No 4679) | 18.03.2023 | 12 മാസം | 13271532 | |
| 2 | Kerala Bank Mannanchery(A/C No 315) | 13.3.2023 | 24 മാസം | 10000000 | |
| ആകെ | | | | 23271532 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14992/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-16 | 4992/- | അനസ് കെ എം | 1231001253/ 15/06/2023 |
| 2022-23 | 3-1 | 10000/- | ഇ എം ബേബി, ലെയ്ക് കനോപിറിസോർട്ട് | 1230000321 07/10/2023 |
| ആകെ | | 14992/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2015-16 | | പി.എച്ച്.സി. കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934/- രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/ രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. | 24.06.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച250/- രൂപ അടവാക്കിയിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | എന്നാൽ ഈടാക്കിയ നികുതി 1000/-ആണ്. ശേഷിച്ച 250/-രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. | |
| | | | | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി 16-11-2016 –ലെ 11605400015 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട്. |
| | | | | കേരള ഗ്രാമീൺ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | കേരള ഗ്രാമീൺബാങ്ക് 15-16 സാമ്പത്തിക വർഷംരണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ അടവാക്കി യിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | എസ്.ബി.ഐ.കലവൂർ - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല. | എസ്.ബി.ഐ. കലവൂർ 22-12-2016– ലെ 11605104902 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121301214 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94761173 |
| വരവിനങ്ങളിലുള്ള നഷ്ടം | 3492301 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 99483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 815148 |

## (ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ്ജ് ചെയ്യുന്നവ | സർചാർജ്ജ് ചെയ്യുന്നവ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉദ്യോഗപ്പേരും |
| 2-1 | 143056 | | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 2-2 | 3349245 | | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 3-1 | | 62650 | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 3-2 | | 24347 | സുനിൽകുമാർ.എം.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 3486 | ഡോ.സ്റ്റെഫി ബക്സ്സേവസി ജോസഫ്, മെഡിക്കൽ ഓഫീസർ,PHC |
| 3-7 | | 9000 | ഡോ.ജിം കെ. കിഴക്കൂടൻ, വെറ്ററിനറി സർജൻ |
| ആകെ | 3492301 | 99483 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 65311 | ഡോ.സജി ഉമ്മൻ, മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 1-24 | 423722 | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 1-25 | 54773 | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 1-26 | 129928 | ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി |
| 1-27 | 25536 | ഡോ.സ്റ്റെഫി ബക്സേവസി ജോസഫ്, മെഡിക്കൽ ഓഫീസർ,PHC |
| 1-29 | 115878 | ഡോ.സ്റ്റെഫി ബക്സേവസി ജോസഫ്, മെഡിക്കൽ ഓഫീസർ, PHC |
| ആകെ | 815148 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 3-3 | 34412 | രഞ്ജിനി,അക്രഡിറ്റഡ് എഞ്ചിനീയർ, MNREGS |
| 3-4 | 9853 | രഞ്ജിനി,അക്രഡിറ്റഡ് എഞ്ചിനീയർ, MNREGS |
| 3-5 | 65947 | 50079/-ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി, നൗഫൽ.എ, അസിസ്റ്റന്റ് സെക്രട്ടറി |
| | | 8056/-ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി, , സീമ റോസ് ,അസിസ്റ്റന്റ് സെക്രട്ടറി |
| | | 7812/-ഷെയ്ക്ക് ബിജു. സി.എസ്, സെക്രട്ടറി, സുധീർ.എസ്, അസിസ്റ്റന്റ് സെക്രട്ടറി, രഞ്ജിനി |
| ആകെ | 110212 | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ഷെയ്ക്ക് ബിജു. സി, സെക്രട്ടറി | സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആമീൻ മൻസിൽ, സക്കറിയ ബസാർ പി.ഒ., ആലപ്പുഴ |
| ഡോ.സ്റ്റെഫി ബക്സേവസി ജോസഫ്, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മണ്ണഞ്ചരി | ചള്ളിയിൽ, പാതിരപ്പള്ളി.പി.ഓ. |
| ഡോ.സജി ഉമ്മൻ, മെഡിക്കൽ ഓഫീസർ(ആയുർവേദം) | മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മണ്ണഞ്ചേരി | പ്രോവിഡനറ്, പഴവീട്.പി.ഓ, ആലപ്പുഴ 688009 |
| നൗഫൽ.എ, അസിസ്റ്റനറ് സെക്രട്ടറി | അസിസ്റ്റനറ് സെക്രട്ടറി, മുട്ടാർ ഗ്രാമപഞ്ചായത്ത് | അറഫ, പാലസ്, വാർഡ്, ആലപ്പുഴ |
| രഞ്ജിനി,അക്രഡിറ്റഡ് എഞ്ചിനീയർ, MNREGS | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻആർ.ഇ.ജി.എസ്., മണ്ണഞ്ചേരി | വടക്കേകര, നോർത്ത് ആര്യാട്, ആലപ്പുഴ |
| സീമ റോസ്, അസിസ്റ്റനറ് സെക്രട്ടറി | അസിസ്റ്റനറ് സെക്രട്ടറി, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | മച്ചിങ്കൽ,കനാൽ വാർഡ്, ആലപ്പുഴ |
| ശ്രീ.സുനിൽകുമാർ.എം.ബി അസിസ്റ്റനറ് എഞ്ചിനീയർ, LID&EW | അസി.എഞ്ചിനീയർ, മണ്ണഞ്ചേരി | മാങ്കൂട്ടത്തിൽ വീട്, മായിത്തറ.പി.ഓ. ചേർത്തല |

| | | |
|---|---|---|
| ഡോ.ജിം കെ. കിഴക്കൂടൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | കിഴക്കൂടൻ ഹൗസ്,കൊച്ചി -5 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2006-07 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2007-08 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2008-09 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2009-10 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |

| | |
|---|---|
| 2010-11 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2011-12 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/25.11.22 |
| 2012-13, 2013-14 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/ 25.11.22 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/25.11.22 |
| 2017-18 | കെ.എസ്.എ.എ.എൽ.പി/പി.9-1289/2022/25.11.22 |
| 2018-19 | കെ.എസ്.എ.എ.എൽ.പി/പി9-1289/2022/25.11.22 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.-പി9/233/2022/ 27.03.2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ.എ.എൽ.പി.-പി9/701/2022/16.7.22 |
| 2021-22 | കെ .എസ്.എ.എ.എൽ.പി.-പി9/309/2023/ 23.03.2023 |
| 2022-23 | കെ .എസ്.എ.എ.എൽ.പി.-പി9 /1217/2023/ 08.11.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 03-06-2024 and submitted on 06-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Mannanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Mannanchery Grama Panchayat as on 31-03-2024

**Date: 05/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Mannanchery Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1.The following registers are do not match with AFS.

1).DCB Report from Sanchaya software

2).ACR of Maintenance Grant (Non Road)
3). Advance Register

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്